# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 മാർച്ച് 6 | ദീപം 58 | നാളം 1 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org

കടൽമണൽഖനനം

# കേരളത്തെ മുക്കിക്കൊല്ലാനോ?



അനിൽ ജെ. തയ്യിൽ



കേരളജനതയിൽ കടലോളമാഴത്തിൽ ആശങ്ക നിറച്ച് കടൽമണൽഖനനത്തിന് ടെൻഡർ വിളിച്ചിരിക്കുകയാണ് കേന്ദ്രസർക്കാർ. മാനുഷിക മൂല്യങ്ങൾ കാറ്റിൽ പറത്തിയുള്ളതാണ് കേരളം, ഗുജറാത്ത്, ആൻഡമാൻ-നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിലെ കടലിൽനിന്നു മണലും മറ്റു ധാതുക്കളുമുൾപ്പെടെ ഖനനം ചെയ്യാനുള്ള തീരുമാനം. ഏപ്രിൽ രണ്ടു വരെ പദ്ധതിക്കു ടെൻഡർ സമർപ്പിക്കാം. കടലാക്രമണം, ചുഴലിക്കാറ്റ് തുടങ്ങിയ വിവിധ കാരണങ്ങളാൽ ജീവിതം ചോദ്യചിഹ്നമായ മത്സ്യത്തൊഴിലാളികൾക്കു കണ്ണീരിന്റെ പെരുമഴക്കാലമാവും വിവാദക്കൊടുങ്കാറ്റുയർത്തിയിരിക്കുന്ന പുതിയ കടൽമണൽഖനനപദ്ധതി സമ്മാനിക്കുന്നത്. നമ്മുടെ ഭക്ഷ്യസുരക്ഷയിലെന്നപോലെ കയറ്റുമതിയിലൂടെ കോടിക്കണക്കിനു വിദേശനാണ്യം നേടിത്തരുന്നതിൽ മത്സ്യബന്ധനമേഖലയ്ക്കു നിർണായകമായ സ്ഥാനമുണ്ട്. മത്സ്യസമ്പത്തിന്റെ ശാശ്വതമായ നാശത്തിനു വഴിവയ്ക്കുന്നതും, ലക്ഷക്കണക്കിനു ജനങ്ങളുടെ ഉപജീവനമാർഗവും കിടപ്പാടവും നഷ്ടപ്പെടുത്തുന്നതുമാണ് ഈ പദ്ധതി.

കേന്ദ്രസർക്കാരിന്റെ ബ്ലൂ ഇക്കോണമിനയത്തിന്റെ ചുവടുപിടിച്ച് ഓഫ്ഷോർ ഏരിയാസ് മിനറൽ നിയമത്തിൽ 2023 ൽ കൊണ്ടുവന്ന ഭേദഗതികളാണ് ഈ കടൽധാതുഖനനക്കൊള്ളയ്ക്കു വഴിയൊരുക്കുന്നത്. ആർട്ടിക്കിൾ 246 പ്രകാരം 22 കിലോമീറ്റർവരെയുള്ള കടൽഭാഗത്തിന്റെ അധികാരം സംസ്ഥാനങ്ങൾക്കായിരുന്നത് ഈ ഭേദഗതിയും തുടർന്ന് 2024ൽ കൊണ്ടുവന്ന മൂന്നു റൂളുകളും മുഖേന കടലിലും പുറംകടലിലും ആഴക്കടലിലുമുള്ള ഖനനാവകാശം കേന്ദ്രസർക്കാരിന്റേതു മാത്രമാക്കി മാറ്റി. 50 വർഷത്തേക്കുള്ള ഖനനപ്പാട്ടത്തിനായി സ്വകാര്യകമ്പനികൾക്കടക്കം പങ്കെടുക്കാവുന്ന ആദ്യഘട്ടത്തിൽ ടെൻഡർ ചെയ്തു നൽകിയിരിക്കുന്നത് കൊല്ലം സെക്ടറിലെ 242 ചതുരശ്രകിലോമീറ്ററാണ്. കേരളത്തിന്റെ സ്വത്തായ കരിമണൽ ഇനിമുതൽ സ്വകാര്യ കുത്തകകൾക്കായി വിൽക്കപ്പെടും! കേരളത്തിലെ 74.5 കോടി ടൺ വരുന്ന മണൽനിക്ഷേപം 25 വർഷം വിൽക്കാനുള്ളതുണ്ടെന്നു കേന്ദ്രം കണക്കാക്കിയിരിക്കുന്നു. കരിമണലിലെ പ്ലേസർ മിനറൽസിന്റെ (ഇൽമനൈറ്റ്, റൂടൈൽ, ഗാർനറ്റ്, സിൽക്കോൺ. സില്ലാമനൈറ്റ്, മാഗ്നറൈറ്റ്) ഭാരം 18 ദശലക്ഷം ടൺ വരുമെന്നു കണക്കുകൂട്ടിയിരിക്കുന്നു. മൂല്യമോ 120 ബില്യൺ ഡോളറും! അഞ്ചു ഭാഗങ്ങളായി തിരിച്ച് 400 മീറ്റർ മുതൽ 6 കിലോമീറ്റർ വരെ ആഴത്തിൽ കോപ്പർ, നിക്കൽ, സിങ്ക്, ഗോൾഡ് എന്നിവയടങ്ങിയിരിക്കുന്ന പോളിമെറ്റാലിക് സർഫൈസുകളും കോബാൾട്ടും ക്രസ്റ്റും തുരന്നെടുക്കുകയാണ്. ഇവയുടെ വ്യാവസായികമൂല്യമാവട്ടെ 187 ബില്യൺ ഡോളറും. ആയിരക്കണക്കിനു വർഷങ്ങൾക്കുമുമ്പ് കടൽ കരയിലേക്കു കയറിയപ്പോൾ കടലിനടിയിലായിപ്പോയ മണൽത്തിട്ടകളാണ് ഇപ്പോൾ ഖനനം ചെയ്യാൻ പോകുന്നതെന്നാണ് ജി.എസ്.ഐ. ശാസ്ത്രജ്ഞർ പറയുന്നത്.

### എതിർപ്പുകൾ

കടൽമണൽഖനനത്തിനെതിരേ സംസ്ഥാനസർക്കാർ അടിയന്തരമായി പ്രമേയം പാസാക്കണമെന്നും കേന്ദ്രസർക്കാർ ഖനനനടപടികൾ നിർത്തിവയ്ക്കണമെന്നും ലത്തീൻ അതിരൂപത ആവശ്യപ്പെട്ടു. ഈ ചൂഷണം മത്സ്യബന്ധനത്തൊഴിലാളികളെ വഴിയാധാരമാക്കുമെന്നും സാധാരണക്കാരന്റെ ജീവിതം വഴിമുട്ടിക്കുന്ന ഈ തീരുമാനം പരിസ്ഥിതി അസന്തുലിതാവസ്ഥ സൃഷ്ടിക്കുമെന്നും അതിരൂപത ബിഷപ് തോമസ് ജെ. നെറ്റോ പറയുന്നു. കോൺഗ്രസ് അടക്കമുള്ള രാഷ്ട്രീയകക്ഷികളും പരിസ്ഥിതിപ്രവർത്തകരും സമരമുഖത്തേക്ക് ഇറങ്ങിക്കഴിഞ്ഞു.

### എന്തിനെതിർപ്പ്?

15 ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികളെ വഴിയാധാരമാക്കാൻ പോകുന്ന കടുത്ത ചൂഷണപദ്ധതിയാണിത്. 35000 കോടി രൂപയുടെ മണലാണ് കേരളത്തിൽനിന്നു കോരിയെടുക്കാൻ പോകുന്നത്. സംസ്ഥാന സർക്കാരിനു കിട്ടുന്നതാവട്ടെ ജിഎസ്ടി വിഹിതംമാത്രവും. ഖനനപാട്ടം നേടുന്നവർ തുക മുഴുവൻ കേന്ദ്രസർക്കാരിനു മുൻകൂർ അടയ്ക്കണം. സംസ്ഥാനസർക്കാരിന് റോയൽറ്റി ഇനത്തിൽപ്പോലും ഒരു രൂപ കിട്ടില്ല. കടലിനടിയിലെ മണൽപ്പരപ്പുകൾ കോരിയെടുക്കുമ്പോൾ ഉണ്ടാകുന്ന പാരിസ്ഥിതികാഘാതപഠനം ഇതുവരെ നടത്തിയിട്ടില്ല. ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയും ഇന്ത്യൻ ബ്യൂറോ ഓഫ് മൈൻസും ആറ്റോമിക് മിനറൽ ഡയറക്ടറേറ്റും ചേർന്നുള്ള സംയുക്തപര്യവേക്ഷണത്തിനുപകരം ജി എസ് ഐയുടെ പഠനംമാത്രം മുൻനിർത്തിയാണ് ഖനനനടപടികൾ മുന്നോട്ടുപോകുന്നത്! 2004 ലെ സുനാമിയുടെ പ്രഭവകേന്ദ്രമായിരുന്ന ഇന്തോനേഷ്യയിൽ ഭൂകമ്പത്തിനു കാരണമാകുന്നതു കടൽഖനനമാണെന്ന സമുദ്രശാസ്ത്രജ്ഞന്മാരുടെ വാദം ചൂണ്ടിക്കാട്ടി ഇന്തോനേഷ്യ കടൽഖനനം നിരോധിച്ചു. അവിടെ ഖനനംമൂലം തീരശോഷണം രൂക്ഷമായിരുന്നു. പല തീരദേശരാഷ്ട്രങ്ങൾക്കും കടൽഖനനംമൂലം തീരം നഷ്ടപ്പെടാനിടയായി. ടൂറിസംമേഖല തകർന്നുതരിപ്പണമായി. ആഴക്കടൽ ഖനനത്തിനു മോറട്ടോറിയം പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് ഫ്രാൻസ്, കാനഡ, യുകെ, ന്യൂസിലാൻഡ് തുടങ്ങി വിവിധ രാജ്യങ്ങൾ രംഗത്തുവന്നിട്ടുണ്ട്. 2022 ൽ ലിസ്ബണിൽ നടന്ന യു.എൻ. ഓഷ്യൻ കോൺഫെറൻസിൽ വിവിധ രാജ്യപ്രതിനിധികൾ ചേർന്ന് ആഴക്കടൽ ഖനനത്തിനെതിരേ കൂട്ടായ്മ രൂപീകരിച്ചു. 2048 ഓടെ ഭക്ഷ്യയോഗ്യമായ മത്സ്യങ്ങൾ അപ്രത്യക്ഷമായിത്തുടങ്ങുമെന്ന് വിവിധ ലോകോത്തരഗവേഷണസ്ഥാപനങ്ങൾ മുന്നറിയിപ്പുനല്കിയതോടെ യു.എൻ. സമുദ്രനിയമം കൊണ്ടുവന്നു. അറബിക്കടലിലും ബംഗാൾ ഉൾക്കടലിലുമാണ് കാര്യമായ മത്സ്യസമ്പത്ത് ശേഷിക്കുന്നത്. വൻശോഷണമാണ് നമ്മുടെ മത്സ്യസമ്പത്തിൽ ഉണ്ടാവുന്നത്. 2030 നകം സമുദ്രമേഖലയുടെ 30 ശതമാനം സംരക്ഷിതമേഖലയായി പ്രഖ്യാപിക്കണമെന്ന യു.എൻ. തീരുമാനം ഇന്ത്യ അടുത്തിടെ അംഗീകരിച്ചിരുന്നു. നമ്മുടെ രാജ്യത്തിന് 20 ലക്ഷം ചതുരശ്ര കിലോമീറ്റർ സമുദ്രമേഖല സ്വന്തമായുള്ളതിന്റെ 30 ശതമാനം സംരക്ഷിതമേഖലയാക്കണം. പക്ഷേ, ആൻഡമാനിലെ കുറച്ചുഭാഗങ്ങൾമാത്രമാണ് നമ്മുടെ സംരക്ഷിതപട്ടികയിലുള്ളത്. മണലും മറ്റു ധാതുക്കളും വാരുമ്പോൾ സമുദ്രത്തിലെ ആവാസവ്യവസ്ഥയ്ക്കു കോട്ടംതട്ടുമോ എന്ന പരീക്ഷണാടിസ്ഥാനത്തിലുള്ള ഖനനം മറ്റു രാജ്യങ്ങളിൽ നടക്കുമ്പോൾ, വാണിജ്യാടിസ്ഥാനത്തിൽ ഖനനം നടത്തുന്ന രാജ്യമായി മാറി ഇന്ത്യ!

### ആശങ്കയുടെ ആഴത്തിൽ കേരളം

കടലിന്റെ അടിത്തട്ടിലുണ്ടാകുന്ന ആഘാതങ്ങൾ ആവാസവ്യവസ്ഥയിൽ ദോഷകരമായ മാറ്റങ്ങൾക്കു കാരണമാകും. കടൽ കലങ്ങുന്നതോടെ മത്സ്യങ്ങൾക്കു പ്രാണവായു നഷ്ടപ്പെടുകയും മത്സ്യങ്ങളുടെ ഭക്ഷ്യശ്രേണിയായ ബെന്തോസ് മേഖല പ്രകാശസംശ്ലേഷണം നടക്കാനാവാതെ തകിടംമറിയുകയും ചെയ്യും. കടലിന്റെ അടിത്തട്ട് ഇളക്കിമറിക്കുന്ന ഖനനം തീരത്തെ മണൽത്തിട്ടകളെ ബാധിക്കുന്നു. ആറു കിലോമീറ്റർ ആഴത്തിലാണ് ഖനനം നടക്കുന്നത് എന്നോർക്കണം. തിരമാലകളെ തടഞ്ഞുനിർത്തുന്ന മണൽത്തിട്ടകൾ ഇടിഞ്ഞുതീരുന്നതോടെ കടലാക്രമണം രൂക്ഷമാവുകയും കര കടലെടുത്തുപോകാൻ ഇടയാവുകയും ചെയ്യും. രാജ്യത്ത് ആദ്യമായി കടൽമണൽഖനനം ആരംഭിക്കുന്നത് കൊല്ലം ജില്ലയിലെ തങ്കശ്ശേരിമുതൽ ചവറവരെയുള്ള ഭാഗത്താണ്.

▶ 12

മാർച്ച് 3 : എഴുത്തുകാരുടെ ദിനം

# തൂലികത്തുമ്പിൽ വിരിയുന്ന വിസ്മയങ്ങൾ



ഫാ. തോമസ് പാട്ടത്തിൽചിറ CMF

മനുഷ്യന്റെ നിത്യോപയോഗ വസ്തുക്കളിൽ ഏറെ ആദരം അർഹിക്കുന്നവയാണ് എഴുത്തുപകരണങ്ങൾ. ആയുധത്തെക്കാൾ ആശയത്തിനും വാക്കത്തിയെക്കാൾ വാക്കിനും മൂർച്ചയും മാരകശേഷിയുമുണ്ടെങ്കിൽ അവയ്ക്കു പിറവികൊടുക്കുന്ന തൂലികയാണ് മനുഷ്യന്റെ ഏറ്റവും മഹത്തായ കണ്ടുപിടിത്തങ്ങളിലൊന്ന്. ലോകചരിത്രത്തെയും സംസ്കാരങ്ങളെയും വാർത്തെടുക്കുന്നതിൽ തൂലിക വഹിച്ച പങ്ക് വളരെ വലുതാണ്. മാനവരാശിക്കു ശരിയായ ദിശാബോധം നല്കി മുന്നോട്ടുനയിച്ചുകൊണ്ടിരിക്കുന്നതും, തിരക്കൊഴിയാത്ത മനുഷ്യമനസ്സുകളിൽ ഉണർവിന്റെയും ഉന്മേഷത്തിന്റെയും അനുഭൂതികൾ വിതറുന്നതും ആത്യന്തികമായും ചിന്തകരുടെയും പ്രബോധകരുടെയും എഴുത്തുകാരുടെയുമൊക്കെ തൂലികമുനകളാണ്. തൂലികത്തണ്ടിന്റെ തുമ്പിൽ വിരിയുന്ന അക്ഷരമലരുകളുടെ ആശയാർഥസുഗന്ധമാണ് വിദ്യയുടെ ഉദ്യാനമാകെ നിറഞ്ഞുനില്ക്കുന്നത്.

തൂലികയെന്നാൽ എഴുത്തുപകരണങ്ങൾമാത്രമല്ല. ഒരാളുടെ വിരലുകൾ, ചിത്രം വരയ്ക്കുന്നതിനുള്ള സാമഗ്രികൾ, ശില്പിയുടെ പണിക്കോപ്പുകൾ തുടങ്ങി ശക്തമായ ആശയപ്രകാശനശേഷിയുള്ള ഏതൊരു തുമ്പും വിശാലാർഥത്തിൽ തൂലികതന്നെയാണ്. അതുകൊണ്ടാണ് PEN എന്ന ഇംഗ്ലീഷ് ഹ്രസ്വപദത്തിന് Powerfully Expressing Nib എന്ന ദീർഘരൂപം കൊടുക്കാൻ ഞാൻ ഇഷ്ടപ്പെടുന്നത്. Pen എന്ന വാക്ക് ലത്തീൻഭാഷയിലെ 'pendere' എന്ന മൂലപദത്തിൽനിന്നാണ് ഉദ്ഭവിക്കുന്നത്. 'to hang' (ചേർക്കുക, ബന്ധിക്കുക) എന്നാണിതിന്റെ അർഥം. മനുഷ്യനെ പരലോകവുമായി ബന്ധിപ്പിക്കുന്ന പവിത്രമായ വസ്തുക്കളായി ചില പ്രാചീനസംസ്കാരങ്ങൾ എഴുത്തുപകരണങ്ങളെ കണക്കാക്കിയിരുന്നു.

നാം തിരഞ്ഞെടുക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന എഴുത്തുപകരണങ്ങൾ നമ്മുടെ വ്യക്തിത്വത്തെ പ്രതിനിധീകരിക്കുകയും നമ്മെക്കുറിച്ചുതന്നെ എഴുതുകയും ചെയ്യുന്നു എന്നു വിവക്ഷിക്കപ്പെടുന്നു. തൂലിക കേവലമൊരു എഴുത്തുപാധിയല്ല. പരിജ്ഞാനത്തിന്റെ പ്രതീകമാണത്. അതുകൊണ്ടുതന്നെ ഒരാൾക്ക് ഒരു പേന സമ്മാനമായി നല്കുന്നതിന്റെ അർഥം അയാളുടെ ബുദ്ധിശക്തിയെയും ആശയവിനിമയശേഷിയെയും വിലമതിക്കുന്നു എന്നതാണ്. കുട്ടികൾക്കു കൊടുക്കാവുന്ന ഏറ്റവും ഉദാത്തമായ ഉപഹാരം പേനതന്നെയാണ്. രൂപത്തിൽ ചെറുതാണെങ്കിലും ഭാവിജീവിതത്തിൽ വലിയ ലക്ഷ്യങ്ങളും സ്വപ്നങ്ങളും സ്വരുക്കൂട്ടാനും സഫലമാക്കാനും അതു കുരുന്നുമനസ്സുകളെ പ്രചോദിപ്പിക്കും. എന്തിനും ഏതിനും സ്മാർട്ട് ഫോൺ സമ്മാനിക്കുന്നതിനുപകരം ഒരു സ്മാർട്ട് പെൻ നല്കുന്നതായിരിക്കും കൂടുതൽ ആരോഗ്യകരം. കൈയിലുള്ള ഫോൺ നമുക്കുവേണ്ടി പലതും ചെയ്തുതരും. പേനയാകട്ടെ, ക്രിയാത്മകമായി പലതും ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുകയും പ്രാപ്തരാക്കുകയും ചെയ്യും. ഓർക്കണം, പോക്കറ്റിൽ കുത്തിയിരിക്കുന്ന പേന ഒരിക്കലും ഒരു അലങ്കാരവസ്തുവല്ല; മറിച്ച്, ഒരാളുടെ ജീവിതത്തിന്റെ മഹത്തായ ദൗത്യത്തെയും നിയോഗത്തെയും കുറിച്ചുള്ള ഒരു ഓർമപ്പെടുത്തലാണ്. പേനകൊണ്ടു വരയ്ക്കുന്ന നേർരേഖപോലെ സ്വന്തം ജീവിതവ്യാപാരങ്ങളെ മാറ്റാനുള്ള ഓരോരുത്തരുടെയും ധാർമികോത്തരവാദിത്വത്തെ അതു സൂചിപ്പിക്കുന്നു.



1926 ൽ ലണ്ടനിൽ സ്ഥാപിതമായ International Pen Club എന്ന സംഘടന 1953 മുതൽ പ്രതിവർഷം മാർച്ച് 3 എഴുത്തുകാരുടെ ദിനമായി ആചരിച്ചുതുടങ്ങി. സാഹിത്യത്തെ പ്രോത്സാഹിപ്പിക്കുക, ലോകമെമ്പാടുമുള്ള എഴുത്തുകാർ തമ്മിലുള്ള സൗഹൃദം വളർത്തുക എന്നിവയായിരുന്നു പ്രസ്തുത സംഘടനയുടെ പ്രധാന ലക്ഷ്യങ്ങൾ. നാം നിവസിക്കുന്ന ലോകത്തെ രൂപപ്പെടുത്തുന്നതിൽ സാഹിത്യത്തിനും എഴുത്തുകാർക്കുമുള്ള വലിയ പങ്കിനെ വിലമതിക്കുന്നതിനുവേണ്ടിയാണ് എഴുത്തുകാരുടെ ദിനം ആചരിക്കപ്പെടുന്നത്. കലയെയും സാഹിത്യത്തെയും സംസ്കാരത്തെയും മതവിശ്വാസങ്ങളെയും സനാതനമൂല്യങ്ങളെയുമൊക്കെ പരിപോഷിപ്പിക്കുകയും പണിതുയർത്തുകയും അതുവഴി മനുഷ്യനിലെ മനുഷ്യത്വം എന്ന അടിസ്ഥാനസ്വഭാവത്തിനു തിളക്കം കൂട്ടുകയും ചെയ്യുക എന്ന മഹനീയമായ കർമനിർവഹണത്തിനായി തങ്ങളുടെ തൂലിക ചലിപ്പിക്കാൻ എഴുത്തുകാർ പ്രതിജ്ഞാബദ്ധരാകണം. തൂലികാധർമം തീർത്തും സൃഷ്ടിപരമായിരിക്കണം.

മനുഷ്യസമൂഹത്തിന്റെ മനസ്സാക്ഷിയായിരിക്കണം എഴുത്തുകാർ. നിഷ്പക്ഷതയുടെ വടിവൊത്ത തൂലികയും സത്യത്തിലേക്കു ചൂണ്ടിനില്ക്കുന്ന തൂലികമുനയും സാന്മാർഗികതയുടെ മഷിക്കുപ്പിയും എഴുത്തുകാരുടെ കൈമുതലായിരിക്കണം. ജീവിതത്തെ ഒരു തൂലികയാക്കാൻ നമുക്കോരോരുത്തർക്കും കഴിയണം. ആയുസ്സിന്റെ അവസാനംവരെ പ്രപഞ്ചമാകുന്ന പുസ്തകത്താളിലെ നേരിന്റെ നേർരേഖയിലൂടെമാത്രം ചലിക്കുന്ന, സ്നേഹത്തിന്റെ സ്നിഗ്ധമഷിയിൽ സാഹോദര്യത്തിന്റെ സങ്കീർത്തനങ്ങൾ രചിക്കുന്ന ഒരു തൂലികത്തുമ്പായി ഓരോ മനുഷ്യജന്മവും മാറുമ്പൊഴേ ഈ ഭൗമഗോളത്തിനു നഷ്ടപ്പെട്ടുപോയ അതിന്റെ ആദിസൗന്ദര്യവും സൗരഭ്യവും വീണ്ടെടുക്കാനാവൂ. എഴുത്തുകാരെ അനുസ്മരിക്കുമ്പോൾ, സ്വാതന്ത്ര്യവും സമത്വവും സമാധാനവും സന്തോഷവും സഹിഷ്ണുതയും നിറഞ്ഞ ഒരു സമൂഹത്തിന്റെ സൃഷ്ടിക്കായി തങ്ങളുടെ സാഹിത്യസിദ്ധികളെയും തൂലികയെയും ഉപയോഗിക്കാൻ അവർക്കോരോരുത്തർക്കും സാധിക്കട്ടേയെന്നാശംസിക്കാം. അവർ ആഗ്രഹിക്കുന്ന ഏകാന്തതയെയും ഏകാഗ്രതയെയും വെറുതെ വിമർശിക്കാതിരിക്കാം. അവരുടെ ചിന്തകളും രചനകളും ആർക്കെങ്കിലുമൊക്കെ പ്രചോദനകരമാകുന്നുണ്ട്. ആകയാൽ, പൊതുനന്മയ്ക്കായി അവർ വ്യയം ചെയ്യുന്ന സമയത്തെയും ഊർജത്തെയും അർഹമായ വിധത്തിൽ വിലമതിക്കാം. നാളിതുവരെയുള്ള നമ്മുടെ ജീവിതത്തെയും വ്യക്തിത്വരൂപീകരണത്തെയും നല്ല രീതിയിൽ സ്വാധീനിച്ചിട്ടുള്ള എഴുത്തുകാരെ നന്ദിയോടെ സ്മരിക്കാം. തൂലിക തായയാണ്. അക്ഷരക്കിടാങ്ങൾക്ക് അനശ്വരമായ ജന്മം കൊടുത്ത്, ആശയങ്ങളെ മഷിപ്പാലൂട്ടി വളർത്തുന്ന ആ മഹാജനനിക്ക് ഒരു പേനാപ്രേമിയുടെ സഹസ്രസ്നേഹവന്ദനം! ■

വായന

## യുഗാന്തദർശനം

ഗ്രന്ഥകർത്താ: ജോസഫ് പാണ്ടിയപ്പള്ളിൽ

| | |
|---|---|
| പ്രസാധനം | : ലൈഫ് ഡേ, കോട്ടയം - 04 |
| വിതരണം | : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ |
| വില | : ₹ 200 |




മനുഷ്യന്റെ മരണാനന്തരജീവിതവും മരണാനന്തരാവസ്ഥയും സംബന്ധിച്ചുള്ള വിശ്വാസങ്ങളും സങ്കല്പങ്ങളും അറിവും അനുഭവങ്ങളും കൂട്ടിയിണക്കിയുള്ള അന്വേഷണാത്മകസഞ്ചാരം. ക്രൈസ്തവപഠനങ്ങളുടെയും ദൈവവചനത്തിന്റെയും വെളിച്ചത്തിൽ, വിഷയത്തിന്റെ മാനുഷികവും സാമൂഹികവും മതപരവുമായ വശങ്ങൾ ഗ്രന്ഥം ചർച്ച ചെയ്യുന്നു.

## തുറന്നിട്ട ജാലകങ്ങൾ

ഗ്രന്ഥകർത്താ: ഫാ. സുബിൻ ജോസ് കിടങ്ങേൻ

| | |
|---|---|
| പ്രസാധനം | : ജീവൻ ബുക്സ്, ഭരണങ്ങാനം |
| വിതരണം | : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ |
| വില | : ₹ 200 |




മനുഷ്യനന്മകളിലേക്കുള്ള തീർഥാടനമാണ് തുറന്നിട്ട ജാലകങ്ങൾ. ഉള്ളിലെ നന്മകളെ തിരിച്ചറിയാനും അവയിൽനിന്നു വിശുദ്ധിയുടെയും നന്മയുടെയും പരിമളം ലോകത്തിനു പ്രദാനം ചെയ്യാനും സഹായമേകുന്ന ഗ്രന്ഥം. പ്രതീക്ഷയുടെ ഹരിതക്കാഴ്ചകൾ കാണാൻ ഗ്രന്ഥം വായനക്കാരെ പ്രേരിപ്പിക്കുന്നു.

## പാദുവായിലെ വി. അന്തോനീസ്

ഗ്രന്ഥകർത്താ: ഫാ. ബോബി ജോസ് കപ്പൂച്ചിൻ

| | |
|---|---|
| പ്രസാധനം | : ജീവൻ ബുക്സ്, ഭരണങ്ങാനം |
| വിതരണം | : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ |
| വില | : ₹ 150 |




ദൈവത്തെ ഗൗരവമായിട്ടെടുക്കാനുള്ള ഒരു ദൂതാണ് ഈ കൃതിയുടെ അടിസ്ഥാനശില. അന്വേഷിച്ചു കണ്ടെത്തേണ്ട വീഥിയും മുട്ടിത്തുറക്കേണ്ട വാതിലുമാണ് ദൈവമെന്ന് ഈ പുസ്തകത്തിലെ വെളിച്ചംനിറഞ്ഞ വാക്കുകൾ നമ്മെ ഓർമിപ്പിക്കുന്നു.

# ദീപനാളം

കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &

മാനേജിങ് ഡയറക്ടർ : ഫാ. സിറിയക് തടത്തിൽ

അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ




നീതിയെ പിന്തുടർന്നാൽ നിനക്കതു ലഭിക്കും;
മഹനീയ അങ്കിപോലെ അതു ധരിക്കുക.

പ്രഭാഷകൻ 26:8

**എഡിറ്റോറിയൽ**

# കേരളം മരണസംസ്കാരത്തിലേക്കോ?

തിരുവനന്തപുരം വെഞ്ഞാറമൂട് കൂട്ടക്കുരുതി ഒരു നാടിനെമാത്രമല്ല, ഒരു ജീവസംസ്കൃതിയെത്തന്നെയാണു തള്ളിപ്പറഞ്ഞത്. ഒരുറുമ്പിനെ കൊല്ലുന്ന ലാഘവത്തോടെ, ഉറ്റവരും ഉടയവരുമായ അഞ്ചുപേരെ കൊന്നുകളഞ്ഞ അഫാൻ ഒരു വ്യക്തിയല്ല, മരണസംസ്കാരത്തിലേക്കു കൂപ്പുകുത്തുന്ന ഒരു കെട്ട സമൂഹത്തിന്റെ പര്യായവും പരിച്ഛേദവുമാണ്. സത്യവും അഹിംസയും പുലരുന്ന ഈ നാട്ടിൽ, ഇതല്ല ഇതിനപ്പുറം സംഭവിച്ചാലും നിസ്സംഗതയുടെ മൂടുപടമണിഞ്ഞ് പ്രതികരണശേഷി നഷ്ടപ്പെട്ട നമ്മുടെ ബുദ്ധിജീവികളെയും സാംസ്കാരികനായകരെയുമോർത്ത് 'നവോത്ഥാനകേരളം' ലജ്ജിച്ചു തല താഴ്ത്തിയേ തീരൂ.

ജീവന്റെ അത്താണിയും അഭയവുമാകേണ്ട കുടുംബങ്ങളിൽനിന്നുപോലും മരണനിലവിളികൾ ഉയരുന്നത് പരിഷ്കൃതസമൂഹത്തിന് ഒട്ടും ഭൂഷണമല്ല. നമ്മുടെ കുഞ്ഞുങ്ങൾക്കു കരുതലും കാവലുമാകേണ്ടവർതന്നെ അവരോടു കൊടുംക്രൂരത കാണിക്കുന്ന പൈശാചികതയുടെ ഭരണവ്യവസ്ഥിതിയിൽ വെറുതെ ഞെട്ടിയിട്ടു കാര്യമില്ല, സമൂഹമൊന്നാകെ ഉണർന്നുപ്രതികരിക്കുകയാണു വേണ്ടത്. സുരക്ഷയൊരുക്കേണ്ടവരുടെ കൈകൊണ്ടുതന്നെ ജീവനും മാനവും വെടിയേണ്ടിവരുന്നത് ആർക്കും പൊറുക്കാവുന്നതല്ല.

മനുഷ്യമഹത്വത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനുമാണ് വെഞ്ഞാറമൂട്ടിൽ മുറിവേറ്റത്. മനുഷ്യത്വമാണ് അവിടെ മരിച്ചുവീണത്. കൊല്ലുന്ന സംസ്കാരത്തെ പോറ്റിവളർത്തുന്ന ചിന്താധാരകളും സൈദ്ധാന്തികകാഴ്ചപ്പാടുകളും തീവ്രവാദങ്ങളും പെരുകുമ്പോൾ സമൂഹവും സർക്കാരും ജാഗ്രത പുലർത്തണം. ഓരോ പൗരന്റെയും ചിന്താവചനക്രിയകൾക്കു ശുദ്ധീകരണമുണ്ടാകണം. മതങ്ങളും സർക്കാരും മറ്റു പ്രസ്ഥാനങ്ങളുമൊക്കെ ഈ ശുദ്ധികലശപ്രക്രിയയിൽ ശക്തമായ നേതൃത്വം വഹിക്കണം.

മനുഷ്യത്വത്തിന്റെ ആത്മീയത വികസിപ്പിച്ചുകൊണ്ടുവരുന്നതിൽ നമ്മുടെ കുടുംബങ്ങളും വിദ്യാലയങ്ങളും ഒന്നിച്ചു കൈകോർക്കേണ്ട കാലമാണിത്. നമ്മുടെ വിദ്യാഭ്യാസം സംസ്കാരസമ്പന്നമായ ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിൽ പരാജയപ്പെടുന്നുണ്ടെങ്കിൽ വിപ്ലവകരമായ പൊളിച്ചെഴുത്തുകൾ അവിടെ അനിവാര്യമാണെന്നു സാരം. മാനവികതയുടെ പാഠാവലികൾ കലാലയസിലബസുകളിൽ സമൃദ്ധമാകണം. സാഹോദര്യവും സഹിഷ്ണുതയും സമഭാവനയുമൊക്കെ പ്രവർത്തനാധിഷ്ഠിതപദ്ധതികളായി കരിക്കുലത്തിന്റെ ഭാഗമാകണം. ക്ലാസ്മുറിപഠനങ്ങളും പരീക്ഷാസമ്പ്രദായങ്ങളും കൊണ്ടു കുട്ടികളെ വീർപ്പുമുട്ടിക്കുന്നതിനപ്പുറം, മൂല്യാധിഷ്ഠിതമായ ചർച്ചകളും സംവാദങ്ങളുംകൊണ്ട് നമ്മുടെ കലാലയങ്ങൾ സമ്പന്നമായാൽ ഹൃദയമുള്ള കുറെ മനുഷ്യരെ സൃഷ്ടിക്കാനാവുമെന്നുറപ്പ്.

കൊടുംക്രൂരത ചെയ്യുന്നവരെ മനോരോഗികളെന്നോ ലഹരിയാസക്തരെന്നോ മുദ്രചാർത്തി ഹീനകൃത്യങ്ങളെ ലഘൂകരിക്കുന്ന പ്രവണത ഒട്ടും ആശാസ്യമല്ല. മദ്യവും രാസലഹരിയുമൊക്കെ കൊലയിലേക്കു നയിക്കുന്ന ശീഘ്രഘടകങ്ങളാകാമെങ്കിലും, ആത്യന്തികമായി ചികിത്സ വേണ്ടത് അക്രമവാസനയെ താലോലിച്ചുവളർത്തുന്ന ക്രൂരമനസ്സുകൾക്കാണ്. മാറിയ സാമൂഹികസാഹചര്യത്തിൽ ധനാർത്തിയും അസൂയയും പകയുമൊക്കെ കൊലവിളികളായി മാറുന്നുണ്ട് എന്നതും ഗൗരവത്തിലെടുക്കേണ്ടതുണ്ട്.

ഹൃദയമില്ലാത്ത കുറേ കുറ്റവാളികളുടെ നാടായി കേരളം അധഃപതിക്കുകയാണ്. നമ്മുടെ നാട് ഉണരേണ്ടതുണ്ട്. ഒരു ജീവസംസ്കാരത്തെ ഉയർത്തിപ്പിടിക്കുന്ന പ്രബുദ്ധ കേരളമായി 'ദൈവത്തിന്റെ സ്വന്തം നാട്' രൂപാന്തരപ്പെടാനുണ്ട്. നവോത്ഥാനകേരളത്തിന്റെ പുകൾപെറ്റ വാഴ്വുകളിലേക്ക് ഇനിയും ഏറെ ദൂരം സഞ്ചരിക്കാനുണ്ട് എന്നതിന്റെ സത്യസന്ധമായ ഓർമപ്പെടുത്തൽകൂടിയാകട്ടെ വെഞ്ഞാറമൂട് കൂട്ടക്കുരുതി.

# കേരളം എങ്ങോട്ട്?

ഇക്കഴിഞ്ഞയാഴ്ചയിൽ കേരളസമൂഹം കണ്ട നടുങ്ങുന്ന കാഴ്ച, അതിക്രൂരമായ റാഗിങ്ങിനു വിധേയനാകുന്ന ഒരു നഴ്സിങ്‌വിദ്യാർഥിയുടെ വീഡിയോയാണ്. അവന്റെ നിസ്സഹായതയും നിലവിളിയും ഇപ്പോഴും മനസ്സിൽനിന്നു മാഞ്ഞിട്ടില്ല. പ്രതികൾ പിടിക്കപ്പെടുകയും അവർ തുടർപഠനത്തിൽനിന്നു വിലക്കപ്പെടുകയും ചെയ്തുവെന്നത് ആശ്വാസകരമെങ്കിലും സമാനമായ അതിക്രമങ്ങളും പീഡനങ്ങളും കൊലപാതകപരമ്പരകൾതന്നെയും നിത്യേനയെന്നോണം ഇവിടെ അരങ്ങേറിക്കൊണ്ടിരിക്കുന്നു.

യുവാക്കൾ മാത്രമല്ല, എല്ലാ പ്രായക്കാരുമുണ്ട് കുറ്റവാളികളുടെ ലിസ്റ്റിൽ. ഒരു കൊലക്കുറ്റത്തിന്റെ ശിക്ഷ പൂർത്തിയാക്കിയിട്ടും തൃപ്തിവരാതെ വീണ്ടും കൊലക്കത്തിയുമായി പാഞ്ഞുനടക്കുന്ന കാരണവന്മാരും അഞ്ചും ആറുംപേരെയും കൊന്നിട്ടും കലിയടങ്ങാത്ത യുവാക്കളും മധ്യവയസ്കരുമെല്ലാം കേരളമനഃസാക്ഷിക്കുമുമ്പിൽ ചോദ്യചിഹ്നമായി നില്ക്കുന്നു. കേരളം എങ്ങോട്ടാണ്?

ഭരണപക്ഷവും പ്രതിപക്ഷവും ഒരുപോലെ സംസാരിക്കുന്നതു കേരളത്തിന്റെ വികസനത്തെക്കുറിച്ചാണ്. നിക്ഷേപസംഗമങ്ങൾതന്നെയും അതിനുവേണ്ടി സംഘടിപ്പിക്കുന്നു. ഒക്കെയും നല്ലതുതന്നെ. പക്ഷേ, ഇവരാരും മനുഷ്യമനസ്സിനെ സംസ്കാരസമ്പന്നമാക്കുന്നതിനു മിനക്കെടാറില്ല. അതവരുടെ ചുമതലയല്ല. ആണെങ്കിൽത്തന്നെ അതിനു സമയമില്ല. കിട്ടുന്ന വേദികളിൽ അവസരമൊത്താൽ ചില സാരോപദേശങ്ങൾ നടത്താമെന്നു മാത്രം. പിന്നെ ആരാണു മനുഷ്യനെ നന്നാക്കാനുള്ളത്?



**പ്രതികരണം**

ഒരുവനു സാംസ്കാരികമൂല്യങ്ങൾ പകർന്നുകിട്ടേണ്ടതു വീട്ടിൽനിന്നും വിദ്യാലയത്തിൽനിന്നുമാണ്. പക്ഷേ, ഇവയുടെ നടത്തിപ്പുകാരെയും സാംസ്കാരികച്യുതി ബാധിച്ചിരിക്കുന്നു. തിന്മയക്കു വളംവയ്ക്കുന്ന ക്രൈം കഥകളും ലൈംഗികവിവരണങ്ങളും വ്യക്തിഹത്യകളും ദുഷ്പ്രചാരണങ്ങളും ആഭാസവീഡിയോകളും അശ്ലീലറീലുകളുമായി സോഷ്യൽ മീഡിയ അരങ്ങുതകർക്കുമ്പോൾ ആർ ആരെ നന്നാക്കും?

എന്തായാലും റാഗിങ് ക്രൂരതയെപ്പറ്റി അനിൽ ജെ. തയ്യിൽ തയ്യാറാക്കിയ 'ഈ പേക്കൂത്ത് ആരവസാനിപ്പിക്കും?' എന്ന ലേഖനം ഒരു ഓർമപ്പെടുത്തലായി.

**ജോസ് പി.ജെ.**
**പുൽപ്പള്ളി**

# കാനം ഇ.ജെ.യെ ഓർക്കുമ്പോൾ

ഒരു കാലത്ത് സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും അനേകമനേകം കഥകൾക്കൊണ്ട് കേരളത്തിലെ സാധാരണ മനുഷ്യരുടെ; പ്രത്യേകിച്ച് മധ്യവർഗസമൂഹത്തിന്റെ ജീവിതം അനവദ്യസുന്ദരമായ ശൈലിയിൽ, അയത്നലളിതമായി കോറിയിട്ട എഴുത്തുകാരനാണു കാനം ഇ.ജെ. അദ്ദേഹത്തെ ഇക്കാലത്തിനു പരിചയപ്പെടുത്തിയ ഡോ. തോമസ് സ്കറിയയ്ക്കു (സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും കഥകൾ - ദീപനാളം 2025 ഫെബ്രുവരി 27) നന്ദി.

ജനപ്രിയതയിൽ മുട്ടത്തുവർക്കിക്കു സമശീർഷനായിരുന്ന കാനത്തിനും ധാരാളം അനുകർത്താക്കളുണ്ടായെങ്കിലും, ഇരുവരുടെയും അയത്നലളിതമായ രചനാശൈലിക്കും ഭാഷാലാവണ്യത്തിനും ആവിഷ്കാരതന്ത്രത്തിനുമൊപ്പമെത്താൻ മറ്റുള്ളവർക്കു കഴിഞ്ഞില്ല. പക്ഷേ, നിർഭാഗ്യവശാൽ ജനപ്രിയസാഹിത്യത്തിന്റെ തലതൊട്ടപ്പന്മാരെന്നു പറയാവുന്ന ഇവരുടെ മേലും കൂടി മൂന്നാംകിട സാഹിത്യത്തിന്റെ ലേബലൊട്ടിക്കാനാണ് സാഹിത്യത്തിന്റെ മേലാളന്മാരെന്നു ചമഞ്ഞു നടന്ന ചിലർ ശ്രമിച്ചത്.

എത്രയോ ഹൃദയസ്പർശിയായ നോവലുകൾ മുട്ടത്തുവർക്കിയും കാനവും മലയാളത്തിനു സമ്മാനിച്ചു! അവയിൽനിന്ന് എത്രയോ മനോഹരമായ സിനിമകൾ പിറന്നു! മാസികകളിലൂടെയും വാരികകളിലൂടെയും വാരാന്തപ്പതിപ്പുകളിലൂടെയും അച്ചടിച്ചുവന്ന ആ തുടർക്കഥകൾക്ക് മണ്ണിന്റെയും മനുഷ്യന്റെയും മണമുണ്ടായിരുന്നു. മലയാളികളെ; പ്രത്യേകിച്ച്, മധ്യതിരുവിതാംകൂറിലെ അതിസാധാരണക്കാരായ ജനസമൂഹത്തെ വായിക്കാൻ പഠിപ്പിച്ച എഴുത്തുകാരായിരുന്നു കാനവും മുട്ടത്തുവർക്കിയും.

**ബേബി സ്റ്റീഫൻ**
**ഇടുക്കി**

# പഠനാർഹമായ ലേഖനം

നിഖ്യാസൂനഹദോസിന്റെ 1700-ാം വർഷം പ്രമാണിച്ച് നിഖ്യാസൂനഹദോസിനെയും നിഖ്യാവിശ്വാസപ്രമാണത്തെയുംകുറിച്ച് ഫാ. ഡോ. ജെയിംസ് പുലിയുറമ്പിൽ തയ്യാറാക്കി അവതരിപ്പിക്കുന്ന പഠനപരമ്പര ഏറെ വിജ്ഞാനപ്രദമാണ്. സഭയുടെ പാരമ്പര്യവഴികളെക്കുറിച്ചു കൂടുതലായി അറിയാനും വിലയിരുത്താനും സഹായിക്കുന്നു ഇത്തരം വിജ്ഞാനപ്രദമായ ലേഖനങ്ങൾ.

**തോമസ് മാത്യു**
**കട്ടപ്പന**

# ഫാ. സിറിയക് തടത്തിൽ ദീപനാളം മാനേജിങ് ഡയറക്ടർ & ചീഫ് എഡിറ്റർ



ദീപനാളം വാരികയുടെ മാനേജിങ് ഡയക്ടറും ചീഫ് എഡിറ്ററുമായി ഫാ. സിറിയക് തടത്തിൽ ചാർജെടുത്തു.

ഫാ. സിറിയക് തടത്തിൽ സെന്റ് തോമസ് പ്രസ് & ബുക്സ്റ്റാൾ മാനേജർ എന്ന സ്ഥാനവും ഇതോടൊപ്പം വഹിക്കും. ഫാ. കുര്യൻ തടത്തിൽ മൂന്നിലവ് സെന്റ് മേരീസ് ചർച്ച് വികാരിയായി നിയമിതനായതിനെത്തുടർന്നു വന്ന ഒഴിവിലാണ് പുതിയ നിയമനം.

കഴിഞ്ഞ അഞ്ചു വർഷമായി പ്രസിദ്ധ സെന്റ് ജൂഡ് തീർഥാടനകേന്ദ്രമായ കൂത്താട്ടുകുളം ഹോളി ഫാമിലി ചർച്ച് വികാരിയായി സേവനമനുഷ്ഠിച്ചു വന്ന ഫാ. സിറിയക് തടത്തിൽ മാൻവെട്ടം, രത്നഗിരി, ചേർപ്പുങ്കൽ, ഏന്തയാർ പള്ളികളിൽ അസി. വികാരിയായും പെരുന്തുരുത്ത്, ജയ്ഗിരി പള്ളികളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

# നമ്മുടെ സ്ത്രീകൾ പ്രബുദ്ധരായോ?



ബിന്ദു പ്രതാപ്

**മാർച്ച് 8**
**ലോകവനിതാദിനം**

സൃഷ്ടിപരമായി സ്ത്രീയും പുരുഷനും വെവ്വേറെ സവിശേഷതകൾ ഉള്ളവരാണ്. ജൈവികമായ ഈ സവിശേഷതകൾ ശാരീരികവും മാനസികവുമായ വ്യത്യസ്ത കഴിവുകളിലേക്കും പെരുമാറ്റ



രൂപീകരണത്തിലേക്കും നയിക്കാൻ കാരണമാകുന്നു. അതുകൊണ്ടുതന്നെ സ്ത്രീയെയും പുരുഷനെയും സമത്വം എന്ന അവ്യക്തവും അപ്രായോഗികവുമായ ലക്ഷ്യങ്ങൾക്കപ്പുറം സ്ത്രീ, പുരുഷൻ എന്ന വ്യത്യസ്ത വിഭാഗങ്ങൾക്കനുസരിച്ചുള്ള പരിഗണന നൽകി ഭൂമിയിൽ സർവസ്വാതന്ത്ര്യത്തോടെ ജീവിക്കാൻ പ്രാപ്തരാക്കുകയെന്നതാണ് അഭികാമ്യം. കാരണം, സ്ത്രീയും പുരുഷനും ഒരേ അളവുകോൽകൊണ്ട് അളക്കാൻ പറ്റുന്നവരല്ല. ഇതു മനസ്സിലാക്കി സ്ത്രീകളെ പരിഗണിക്കുന്ന ഏതൊക്കെ മേഖലകൾ നമ്മുടെ സമൂഹത്തിൽ നിലകൊള്ളുന്നുവെന്നതു ചിന്തിക്കേണ്ട വിഷയം തന്നെയാണ്.

ലോകം ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കു കടന്നുകഴിഞ്ഞിട്ടും സ്ത്രീസ്വാതന്ത്ര്യവും സ്ത്രീകളുടെ അവകാശങ്ങളും യാഥാർഥരൂപേണ സമൂഹത്തിൽ നടപ്പാകുന്നുണ്ടോ എന്ന കാര്യം സംശയമാണ്. സ്ത്രീകളുടെ അടിസ്ഥാനപരമായ, മാനുഷികമായ ആവശ്യങ്ങൾക്കുപോലും ഇന്നും ഭൂരിഭാഗം സ്ത്രീകളും കലഹിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ചെറിയ ശതമാനം സ്ത്രീകൾ ഒരുപക്ഷേ, നേട്ടങ്ങൾ കൈയെത്തിപ്പിടിക്കുന്നുവെങ്കിൽ, അതിന്റെ മറുവശത്ത് ഭൂരിപക്ഷവും ഇന്നും ദുരിതങ്ങളിലും യാതനകളിലുംനിന്നു കരകേറാൻ കഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ബഹിരാകാശത്ത് മനസ്സുറപ്പോടെ പിടിച്ചുനിൽക്കാൻ ത്രാണിയുള്ള സുനിതാ വില്യംസിനെപ്പോലുള്ള മഹതികൾ നമുക്ക് അഭിമാനം നല്കുമെങ്കിലും നിത്യവും കേൾക്കുന്ന 'വിസ്മയയും ഉത്രയും ശ്രുതിയും ഷഹനയുമൊക്കെ' ഇപ്പോഴും നമ്മുടെ സ്വകാര്യദുഃഖങ്ങളാണ്. ഏറ്റവും പ്രബുദ്ധരെന്നു നടിക്കുന്ന കേരളീയരുടെ ഇടയിൽത്തന്നെയാണ് ലജ്ജിപ്പിക്കുന്ന ഈ സംഭവങ്ങളും നടക്കുന്നത്. വിദ്യാഭ്യാസമോ സാമ്പത്തികശേഷിയോ ഒന്നുമല്ല ഇങ്ങനെയുള്ള സംഭവവികാസങ്ങൾക്കു കാരണമെന്നതും ശ്രദ്ധേയമാണ്.

പെൺകുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിലും സ്ത്രീകളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിലും കേരളം വളരെയേറെ മുന്നിലാണ്. എന്നാൽ, വിദ്യാഭ്യാസത്തിലും തൊഴിൽരംഗങ്ങളിലും സ്ത്രീ തന്റെ സാന്നിധ്യം തെളിയിക്കുന്നുണ്ടെങ്കിലും അവിടെയൊക്കെ എത്രത്തോളം സ്വാധീനം ചെലുത്താൻ സ്ത്രീകൾക്കു സാധിക്കുന്നുവെന്ന് ആലോചിക്കേണ്ടതാണ്.

രാഷ്ട്രീയത്തിലും സ്ഥിതി വ്യത്യസ്തമല്ല. പലപ്പോഴും സംവരണത്തിനായി സ്ത്രീനേതാക്കളെ മത്സരിപ്പിച്ചു പൊതുവിടങ്ങളിൽ എത്തിക്കുന്നുണ്ടെങ്കിലും പുരുഷമേധാവിത്വത്തിന്റെ നിഴലുകളിൽ ഒതുക്കപ്പെട്ടുപോകുകയാണു പലരും.

സ്ത്രീപ്രാധാന്യമുള്ള സിനിമകൾ ഇന്നും തുലോം കുറവാണ്. നായകന്റെ അതിഭാവുകത്വമുള്ള കഥാതന്തുവിൽ മേമ്പൊടിക്കു ചേർന്നുനിൽക്കുന്ന ഭാഗം ആടിത്തീർക്കുന്നവരാണ് മിക്ക സ്ത്രീകഥാപാത്രങ്ങളും. ചില കേന്ദ്രകഥാപാത്രങ്ങൾ അടുത്തിടെ സ്ത്രീകൾക്കു പ്രാധാന്യമുള്ളതായി ഇറങ്ങിയെങ്കിലും തുടക്കത്തിലുള്ള വൈബ് ഒന്നും പിന്നീട് അവയ്ക്കു കിട്ടാറുമില്ല. സ്ത്രീയെ ഇന്നും ശരീരപ്രദർശനോപാധിയാക്കിമാത്രം സിനിമയിൽ ഇടംകൊടുക്കുകയും അതു വരുമാനമാർഗമാക്കി മുന്നോട്ടുപോകുകയും ചെയ്യുന്ന സിനിമയും മറ്റു മാധ്യമങ്ങളും വർധിച്ചുവരുന്ന കാഴ്ചയാണു കാണാൻ കഴിയുന്നത്.

സ്ത്രീകൾക്കെതിരേയുള്ള അക്രമങ്ങൾ ഇന്നും യാതൊരു ദാക്ഷിണ്യവുമില്ലാതെ തുടരുന്നു.

സാമ്പത്തികസ്വാതന്ത്ര്യത്തെക്കൂടി പരിഗണിച്ചാൽമാത്രമേ സ്ത്രീസ്വാതന്ത്ര്യം പൂർണമാകുകയുള്ളൂ. എന്നാൽ, ഇന്നും ജോലിയും വരുമാനവുമുള്ള സ്ത്രീകൾപോലും പൂർണമായും സാമ്പത്തികസ്വാതന്ത്ര്യം അവകാശപ്പെടാൻ പറ്റുന്നവരല്ല.

വീട്ടകങ്ങളിലെ സ്ത്രീസ്വാതന്ത്ര്യം ഈ നൂറ്റാണ്ടിലും പരിഗണനകളിൽമാത്രം ഒതുങ്ങിനിൽക്കുകയാണ്. മിക്കയിടങ്ങളിലും പ്രധാനപ്പെട്ട തീരുമാനങ്ങളിലോ കുടുംബത്തിന്റെ ഗതിവിഗതികളെ നിയന്ത്രിക്കുന്നതിനോ ഇന്നും ഭൂരിപക്ഷം സ്ത്രീകൾക്കും പുരുഷൻമാരെപ്പോലെ തുല്യപരിഗണന കിട്ടാറില്ല.

പുതിയ തലമുറയിലെ പെൺകുട്ടികൾ കുറച്ചൊക്കെ മാറിച്ചിന്തിക്കാൻ തുടങ്ങിയിട്ടുണ്ടെങ്കിലും സമത്വത്തിലേക്കും സ്ത്രീശക്തീകരണത്തിലേക്കും ഇന്നും പ്രതിബന്ധങ്ങൾ ഏറെയാണ്. വികലമായ കാഴ്ചപ്പാടുള്ള ഒരു സമൂഹവും മതങ്ങളും സാമൂഹിക കെട്ടുപാടുകളുമൊക്കെ സ്ത്രീമുന്നേറ്റത്തിനു വിലങ്ങുതടികളായി നിലകൊള്ളുന്നു. സ്ത്രീയും പുരുഷനും ഒപ്പമെത്താനുള്ള മത്സരിക്കലല്ല; മറിച്ച്, എല്ലാ സവിശേഷകഴിവുകളും ഉൾക്കൊണ്ട് പൂർണമായ വളർച്ചയിലേക്കും വികസനത്തിലേക്കും എത്തിപ്പെടുക എന്നതാണ് സ്ത്രീശക്തീകരണംകൊണ്ട് അർഥമാക്കേണ്ടത്.

■

## ശ്രേഷ്ഠമലയാളം

# സാരസ്യവും സ്വാരസ്യവും



ഡോ. ഡേവിസ് സേവ്യർ

വിശേഷണങ്ങളിൽനിന്നു നാമങ്ങളെ നിഷ്പാദിപ്പിക്കുന്ന പതിവ് സംസ്കൃതത്തിലുണ്ട്. തദ്ധിതമെന്നു വ്യാകരണവും വ്യുത്പന്നനാമമെന്നു ഭാഷാശാസ്ത്രവും അത്തരം നാമങ്ങളെ വിശേഷിപ്പിക്കുന്നു. വിശേഷണങ്ങളോടു പ്രത്യയം ചേർക്കുമ്പോൾ അവ നാമശബ്ദങ്ങളായി മാറുന്നു. സരസ എന്ന വിശേഷണത്തിൽനിന്നു നിർമിച്ചെടുത്ത നാമമാണ് സാരസ്യം. സരസത്തിന്റെ ഭാവം എന്നു നിരുക്തി.* സരസമായ അവസ്ഥ എന്നും പറയാം. രസകരമായതാണല്ലോ സരസം. സരസതയ്ക്കും സരസത്വത്തിനും അതേ അർഥമാണുള്ളത്. എന്നാൽ, സാരസ്യത്തോടു ത ചേർത്ത് 'സാരസ്യത' എന്നു പദസൃഷ്ടി നടത്തരുത്. ത അധികപ്പറ്റാണ്. സാങ്കേതികമായി പറഞ്ഞാൽ മോഷം പ്രത്യയപൗനരുക്ത്യം. സാരസ്യംകൊണ്ടു തൃപ്തിപ്പെടാത്തവരത്രേ 'സാരസ്യത'യ്ക്കു പോകുന്നത്. അതിന് അംഗീകാരം കൊടുത്താൽ ദൈന്യത, ജാള്യത, പാരമ്യത, സാദൃശ്യത, ആലസ്യത തുടങ്ങിയ പ്രയോഗങ്ങളെല്ലാം ശരിയാണെന്നു ഗണിക്കേണ്ടിവരും. ദൈന്യം, ജാള്യം, പാരമ്യം, സാദൃശ്യം, ആലസ്യം എന്നിങ്ങനെവേണം ശരി എഴുതാൻ.

സ്വാരസ്യം തനി നാമപദമാണ്. സ്വഭാവേന സരസ്വത്തായിരിക്കുന്ന (രസാത്മകമായ) അവസ്ഥയാണ് സ്വാരസ്യം.** രസവത്തായ സ്ഥിതിയെന്നും പറയാം. സന്ദർഭംകൊണ്ട് ഭംഗി, ഔചിത്യം തുടങ്ങിയ വിവക്ഷിതങ്ങളും വന്നുചേരുന്നു. 'സ്വാരസ്യത' എന്നു ത ചേർത്ത് നീട്ടേണ്ടതില്ല. അപ്പോൾ മേൽസൂചിപ്പിച്ച ദോഷമാവും ഫലം. സ്വന്തം കാര്യത്തിലുള്ള ശ്രദ്ധയ്ക്ക് സ്വാർഥം മതിയെന്നിരിക്കേ 'സ്വാർഥത' എന്നു നീട്ടുന്നതും അനാവശ്യമാണ്. പക്ഷേ, പ്രചരിച്ചുപോയി എന്ന വസ്തുത മറക്കാവതല്ല! സ്വസ്ഥമായി (സുഖമായി) ഇരിക്കുന്ന അവസ്ഥ 'സ്വാസ്ഥ്യത'യല്ല. സ്വാസ്ഥ്യമാണെന്നും ഓർക്കണം. സ്വാസ്ത്യവും തെറ്റുതന്നെ. സ്വസ്ഥതയും സ്വസ്ഥമായിരിക്കുന്ന അവസ്ഥതന്നെ.

സാരസ്യത്തിന്റെയും സ്വാരസ്യത്തിന്റെയും അന്തർഭാവം ഒന്നാണെന്നു തോന്നുമെങ്കിലും പദനിർമിതിപ്രകാരം സാരസ്യം വ്യുത്പന്നനാമവും സ്വാരസ്യം തനി നാമവുമാണ്. സരസത്തിന്റെ ഭാവം സാരസ്യവും സ്വഭാവേന സരസ്വമായിരിക്കുന്നത് സ്വാരസ്യവുമാകുന്നു. ഒന്നിൽ രസം വന്നുചേരുമ്പോൾ മറ്റതിൽ രസം നിസർഗജമെന്നതത്രേ അവ തമ്മിലുള്ള ഭേദം. സൂക്ഷ്മാപഗ്രഥനത്തിൽ മാത്രമേ ഈ വൈജാത്യം പ്രകടമാവൂ. കാവ്യസാരസ്വതസ്വത്വം തെളിഞ്ഞുകിട്ടാൻ സാരസ്യത്തെയും സ്വാരസ്യത്തെയും ഉത്തമസഹൃദയർ ആശ്രയിക്കും.

* മുൻഷി, ഒ.കെ., തദ്ധിതകോശം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 1988, പുറം–125

** ദാമോദരൻനായർ, പി. അപശബ്ദബോധിനി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013, പുറം – 688.

**കവിത**




സന്ധ്യ

ഇന്നലെ, അകാലത്തിൽ അടർന്ന ഒരില
ജാലകക്കീറിലൂടെ
പാറിവന്നെന്റെ ഹൃദയം തൊട്ടു.

പേനയുടെ മഷിവരണ്ട മുനയിൽ
വേപഥു പൂണ്ടു മിഴിനട്ടു.

വെയിൽപ്പുഴ തിളയ്ക്കുന്ന
മധ്യാഹ്നത്തിൽ വേനലിന്റെ
കൊടുംപ്രണയത്തെക്കുറിച്ച്
രഹസ്യം പറഞ്ഞു ഹൃദയം തുറന്നു.

ഇലപ്പച്ച മാഞ്ഞു കരിഞ്ഞുപോയ
മഞ്ഞസിരകളിൽ ഒരു ഗദ്ഗദം കേട്ടു.

മഴുവേറ്റു മുറിഞ്ഞ കാടിന്റെ ഗദ്ഗദം മുഴങ്ങിയ
ഹൃദയമിടിപ്പായിരുന്നത്.

സിരകളിൽ സൂര്യവെളിച്ചം നിറച്ച്
ഇനിയും വിളമ്പാതെപോയ അന്നത്തെക്കുറിച്ച്
ഇല വാചാലയായി.

അകലെ ഏതോ തണൽമരത്തിന്റെ ചില്ലയിൽനിന്നടരുമ്പോൾ
അണിയാതെപോയ ഋതുപർണങ്ങളെയോർത്ത്,
കുളിരാതെപോയ ആതിരകളെയോർത്ത്,
നനയാതെപോയ തുലാപ്പെയ്ത്തുപോലെ ഇലമനം വിതുമ്പി.

ഇലനിഴലിന്റെ ഇത്തിരിത്തണലിൽ ഇളവേൽക്കാൻ
വന്നിരിക്കാറുള്ള സൂചീമുഖിയുടെ ദുഃഖമോർത്തു നൊന്തു.

പുലരിക്കാറ്റിനോടു കലപില കൂട്ടിയ ഇന്നലെകളിൽ
ഇലത്തുമ്പിൽനിന്നുതിർന്ന തുഷാരബിന്ദുക്കൾപോലെ
ഇലയുടെ നൊമ്പരം തൂലികത്തുമ്പത്ത്
കണ്ണീർത്തുള്ളികളായ് തുളുമ്പി.

ഇന്നെന്റെ കവിതയുടെ ധമനികളിലൂടൊഴുകുന്നത്
ഇല ഞരമ്പിലെ മഷിപ്പച്ചയാണ്.

നോവൽ 5

സൂസൻ പാലാത്ര

# കാറ്റിന്റെ മർമരങ്ങൾ

തറവാട്ടുവീടിനു കിഴക്കുഭാഗം ഒഴിച്ച് എല്ലായിടത്തും വീതിയേറിയ വരാന്തയുണ്ട്. അടുക്കളയ്ക്കു നേരേ ചതുരാകൃതിയിൽ കെട്ടിപ്പൊക്കിയ വലിയ ഒരു തിണ്ണ. അവിടെയിരുന്ന് ചക്കയൊരുക്കാനും കപ്പയരിയാനും കറിക്കരിയാനുമാണ്. വീട്ടുജോലിക്കാർക്കു ഭക്ഷണംകൊടുക്കുന്നതും അവിടെവച്ചാണ്. അവരിൽ ഒരാൾപോലും ഇരുന്നു ഭക്ഷണം കഴിക്കുന്നത് അവൾ കണ്ടിട്ടില്ല, അവരവിടെ വന്നുനിന്ന് നാട്ടുവർത്തമാനങ്ങൾ മുഴുവൻ പറഞ്ഞ് വല്യമ്മച്ചിയെയും കൊച്ചമ്മയെയും സുഖിപ്പിക്കും. റബർവെട്ടുന്ന അഴകൻ റബർ വെട്ടുകഴിഞ്ഞ് പതിവായി വന്ന് വല്യമ്മച്ചിയുടെ കൈയിൽനിന്ന്, വല്യമ്മച്ചിയുടെ ഭാഷയിൽ പറഞ്ഞാൽ 'പേറുമാറിയ വലിയ കോപ്പ'യിൽ കഞ്ഞിയും, അഴകന്റെ ഭാഷയിൽ കഞ്ഞാളവും അടുക്കളത്തിണ്ണയ്ക്കരികിൽനിന്ന് കോപ്പ കുലുക്കിക്കുലുക്കി കുടിച്ച് ഏമ്പക്കവും വിട്ട് വീണ്ടും റബ്ബർതോട്ടത്തിലേക്കു പാലെടുക്കാൻ പോകും. വല്യമ്മച്ചി പറയും, എന്റെ അഴകന് ഞാനാ കോപ്പേൽ കൊടുക്കുന്ന ആ കഞ്ഞിയാ അവന്റെ ബലം. അഴകന്റെ യജമാനഭക്തിയും വിധേയത്വവും, വല്യമ്മച്ചിയുടെ ആശ്രിതവാത്സല്യവും ഒരുകോപ്പ കഞ്ഞിയിൽ തുളുമ്പി നില്ക്കുന്നതു കാണാം.

പടിഞ്ഞാറേത്തിണ്ണയിലാണ് സീസറിനെ പകൽ മുഴുവൻ കെട്ടുന്നത്. രാത്രിയിൽ വടക്കോട്ടു ദർശനമുള്ള വീടിന്റെ പടിഞ്ഞാറേമുറ്റത്ത് ഇരുമ്പപുളിയോടു ചേർന്നുള്ള പട്ടിക്കൂട്ടിലും. വൃത്തിയും വെടിപ്പുമുള്ള കൂടാണ്. സീസർ നല്ല അനുസരണവും സ്നേഹവുമുള്ള ഒന്നാന്തരം ശ്വാനൻ ആണ്. സ്റ്റാൻഡേർഡ് കുടുതലായതിനാൽ നായുടെ പര്യായം പറയാം; വെറും 'പട്ടി' അല്ലെന്നു സാരം. തമ്പിച്ചാച്ചൻ സീസറിനെ ടൂത്ത് ബ്രഷിട്ട് പല്ലുതേപ്പിക്കാറുണ്ട്.

പിന്നാമ്പുറത്തെ വരാന്തയുടെ കിഴക്കുഭാഗത്താണ് ഈയിടെയായി വല്യപ്പച്ചന്റെ കുളിയും കുളിക്കു മുമ്പത്തെ ചെറിയ കസർത്തും. എണ്ണയും കുഴമ്പുമെല്ലാം തേച്ച് ഇഞ്ചയുപയോഗിച്ച് കൃത്യം നാലുമണിയാകുമ്പോൾ കുളിച്ചൊരുങ്ങും, റേഡിയോ വാർത്ത കേൾക്കാനും പ്രാർഥിക്കാനുമായി. ഓണക്കാലമായാൽപ്പിന്നെ, താഴത്തങ്ങാടിയിൽ ബാല്യവും യൗവനവും പിന്നിട്ട, വെളുത്തിട്ട് അതിസുന്ദരനായ വല്യപ്പച്ചന് വള്ളംകളിയുടെ റേഡിയോകമന്ററി കേൾക്കുന്നതാണ് ഏറ്റവും വലിയ വിനോദം. അന്ന് പത്തമ്പലത്തു റേഡിയോയുള്ളത് വല്യപ്പച്ചനും പിന്നെ വാക്കയിൽകാർക്കുംമാത്രമാണ്.

വീടിന്റെ മുൻഭാഗത്ത് രണ്ടു വലിയ വരാന്തകളാണ്. താഴത്തെ വരാന്ത പടിഞ്ഞാറ്, പിന്നാമ്പുറം വരാന്തകളോടു യോജിച്ചാണ് കിടക്കുന്നത്. മുകളിലത്തെ തിണ്ണയും വിസ്താരമേറിയതാണ്. ഒരു കയറുകട്ടിലും ഒരു ചില്ലിട്ട തടിയലമാരയും മുകളിലത്തെ വരാന്തയിലുണ്ട്. കൊച്ചുപ്പാപ്പൻ അതിഥികളുള്ളപ്പോൾ കിടക്കുന്നത് ആ കട്ടിലിലാണ്. ഭിത്തിയിൽ നിറച്ച് പിന്നെ കുടുംബക്കാരുടെ ഫോട്ടോകളാണ്. നടുക്കായി തിരുക്കുടുംബത്തിന്റെ ഫോട്ടോ. ലിസി ആരും കാണാതെ ആ തിണ്ണയിൽ കയറിനിന്ന് ഉണ്ണിയേശുവിന്റെ മുഖത്തു സൂക്ഷിച്ചു നോക്കിക്കൊണ്ടു ചോദിക്കും: "ഉണ്ണിയേശുവേ, കാണുന്നില്ലേ എല്ലാം, എന്നെ ഇവരൊത്തിരി കഷ്ടപ്പെടുത്തുന്നത്." വല്യപ്പച്ചന്റെ വേദപുസ്തകവും പ്രാർഥനപ്പുസ്തകങ്ങളും വയ്ക്കാൻ ഭിത്തിയോടു ചേർത്ത് തടികൊണ്ട് ചെറിയതട്ടുകൾപോലെ ഓരോന്ന് ചെയ്തുവച്ചിട്ടുണ്ട്. അതിൽ അനുദിനപ്രാർഥനക്രമങ്ങളും പാട്ടുപുസ്തകങ്ങളും അടുക്കിവച്ചിരിക്കുന്നു.

മാത്തുക്കുട്ടിപ്പാപ്പൻ ജോലി ചെയ്തിരുന്ന ബർമാഷെൽ കമ്പനിയെ ഭാരതസർക്കാർ, ദേശസാൽകൃതമാക്കി ഭാരത് പെട്രോളിയം കമ്പനിയാക്കുന്നതിനു മുമ്പും ശേഷവുമുള്ള മനോഹരമായ കലണ്ടറുകളിലെ ചിത്രങ്ങൾ നോക്കിക്കാണുന്നത് ലിസിക്കേറെ ഇഷ്ടമാണ്. യേശുവും ശിഷ്യന്മാരുമായുള്ള അന്ത്യത്താഴം, മാതാവും ഉണ്ണിയേശുവും, വി. ബൈബിളിലെ ചില അദ്ഭുതകൃത്യങ്ങൾ ഒക്കെ അതിലുണ്ട്.



അന്നത്തെകാലത്ത് മുന്തിരിങ്ങയും ആപ്പിളുംകാണുന്നത് വിദേശത്തുപോയവർ നാട്ടിലെത്തുന്ന വേളകളിലാണ്. മുന്തിരിങ്ങ വല്യമ്മച്ചി കഴുകിക്കൊടുക്കാൻ കുലകളായിക്കൊടുത്തുവിടും. എന്നാൽ, ഒരു ചെറിയ കുലപോലും കഴിക്കാൻ തന്നിട്ടില്ല. വലിയ ആപ്പിൾകൂടയിൽ നിന്ന് ഒരാപ്പിൾ ഇച്ചാച്ചൻ കൊടുക്കും. ചിലപ്പോൾ രണ്ടെണ്ണം കാണും. ഇച്ചാച്ചനു താഴെ വീട്ടിൽ കൊണ്ടുവന്ന് പേനാക്കത്തികൊണ്ട് അത് ചെറിയ പൂളാക്കി മക്കൾക്കു കൊടുക്കുമ്പോൾ ലിസിക്കും ഒരു പൂൾ കിട്ടും.

മുകളിലത്തെ തിണ്ണയിൽ രണ്ടു തൂണുകളുണ്ട്. കൊച്ചമ്മ മുമ്പിലത്തെ തൂണിലും വല്യമ്മച്ചി പിന്നിലത്തെ തൂണിലും ചാരിയിരുന്നാണു സന്ധ്യാപ്രാർഥന നടത്തുന്നത്. വല്യപ്പച്ചൻ കയ്യുള്ള നീളൻകസേരയിൽ ഏറ്റവും പിന്നിലായും കൊച്ചുപ്പാപ്പനും മൂന്നുമക്കളും മേൽത്തിണ്ണയുടെ ഒത്തനടുക്ക് പായിലിരുന്നുമാണ് പ്രാർഥിക്കുന്നത്.

ലിസിയെയും കുടുംബത്തെയും ഒട്ടും സഹായിക്കാതെ കഷ്ടപ്പെടുത്തുന്നവരുടെ ഈ സന്ധ്യാപ്രാർഥനയാണ് ഏറെ രസകരം. നിത്യപ്രാർഥനയിൽ അവർ അമ്പതുനോമ്പിൽ മാത്രം ചൊല്ലുന്ന 'കർത്ത്യകർത്താവേ...' എന്ന സൂത്താറാഗീതവും ചൊല്ലും.

അച്ചോയി തറവാട്ടിൽ ചെന്നു പറഞ്ഞോട്ടെ എന്നു കരുതി ലിസി അച്ചോയിയോടു ചോദിച്ചു: "അച്ചോയിച്ചാ, കർത്ത്യകർത്താവ് എന്നു പറഞ്ഞാൽ പിതാവാം ദൈവമല്ലേ, പിതാവാം ദൈവത്തോട് കരോട്ടുകാർ എന്നും പറയുന്നതു കേട്ടിട്ടില്ലേ, കൊല്ലും വഞ്ചനയായുള്ള പൊന്നും വെള്ളിയും നേടേണ്ട, നിത്യജീവൻ പ്രാപിപ്പാൻ സത്യോപദേശം കേൾക്ക, നാല്പതുനാൾ ഉപവസിക്ക, വിശക്കുന്നവനപ്പം കൊടുക്ക, ഈശായ്സുതനെപ്പോൽ ദിനം ഏഴുവട്ടം പ്രാർഥിക്ക, മോ-ശയും ഏലിയാവും നോമ്പു നോറ്റു, നമ്മുടെ കർത്താവും നോറ്റു ആകൽക്കറുസായെ ജയിച്ചു തലയിൽ തൂണിയുമിട്ട്, കിഴക്കോട്ടു തിരിഞ്ഞിരുന്ന് ചുമ്മാ ജല്പനം ചെയ്യുന്നതല്ലേ, യേശുക്രിസ്തുവിന്റെ കല്പനകൾ പ്രമാണിച്ചു ജീവിക്കാനും പരിശുദ്ധന്മാർ ചെയ്തതുപോലെ ഉപവസിക്കാനും പ്രാർഥിക്കാനുമല്ലേ പൂർവപിതാക്കന്മാർ അങ്ങനെ എഴുതിയിരിക്കുന്നത്, അതല്ലാതെ ഇതിനെല്ലാം എതിരായി ജീവിച്ചിട്ട് ദൈവത്തെ എല്ലാ രാത്രിയിലും ചൊല്ലിക്കേൾപ്പിക്കുകയാണോ വേണ്ടത്? ദൈവത്തെ പരിഹസിക്കുന്നതിനുതുല്യമല്ലേ അത്?" അന്നതുകേട്ട് അച്ചോയിയുൾപ്പടെ വീട്ടിൽ എല്ലാരും തലയറഞ്ഞു ചിരിച്ചതാണ്. എന്നാൽ, എന്തു പറഞ്ഞാലും തറവാട്ടിലെത്തിക്കുന്ന അച്ചോയി ഇതേക്കുറിച്ച് ഒരക്ഷരം പറഞ്ഞില്ല. പകരം തന്നെ കാണുമ്പോൾ ഇതിലെ കോമഡി പറഞ്ഞു ചിരിക്കുകയും ചിരിപ്പിക്കുകയും ചെയ്യും.

അറയും നിരയുമുള്ള വലിയ വീട്. പടിഞ്ഞാറേത്തളം, തളത്തിൽനിന്ന് അറയിലേക്കു കടക്കാൻ മനോഹരമായ ചിത്രപ്പണികളുള്ള വാതിൽ. മണിപ്പൂട്ടു താഴ്. ഇന്നു പലരും പറയുമ്പോലെ മണിച്ചിത്രത്താഴ്. അറയിൽ ആരെങ്കിലും കയറിയാൽ അലാറം മുഴങ്ങുന്നതുപോലെ കുറെ ദൂരം മണിനാദം കേൾക്കാം. ആ ശബ്ദം കേൾക്കുമ്പോൾ താഴെ തന്റെ അമ്മ പറയും, അമ്മച്ചി അറയിൽ കേറുന്നു എന്ന്. വിലപ്പെട്ട ഒരുപാട് ശേഖരങ്ങളുള്ള അറ. വല്യമ്മച്ചിയുടെ കാൽപ്പെട്ടിക്കും മണിപ്പൂട്ടുണ്ട്. അതു തുറന്നാലും പുറത്തെല്ലാം ശബ്ദം കേൾക്കാം.

പിന്നെ വാരം, വാരത്തിന് നാലു വാതിലുണ്ട്, ഒരു വാതിൽ തളത്തിലേക്ക്; മറ്റൊന്ന് പര്യമ്പുറത്തിറങ്ങാൻ, ഒന്ന് ഇടക്കെട്ടിലേക്ക്, ഒരു വാതിൽ വീടിന്റെ മുൻവശത്തെ മുകളിലെ തിണ്ണയിലേക്ക്. കിളിവാതിൽപോലെ മൂന്നു ജനലുകളും. വാരത്തിന്റെ നടുക്കായി ഒരു അലമാരയുണ്ട്, അതിലും എന്തൊക്കെയോ കനത്തിൽ ഉണ്ടെന്നാ സംസാരം. വല്യമ്മച്ചിയുടെ കട്ടിൽ കൂടാതെ രണ്ടു കട്ടിൽകൂടി വാരത്തിൽ ഉണ്ട്. എന്നാൽ, വേറെ വേറെ മുറികളിൽ കിടക്കുന്ന പ്രതീതിയാണ് അതിനുള്ളിൽ. അറയുടെ പ്രധാനഭാഗം വാരത്തിലേക്കു തള്ളിനില്ക്കുന്നു. വല്യമ്മച്ചിയുടെ കട്ടിലിനു കീഴെ പലകകളാണ്. നടക്കുമ്പോൾ ഒച്ച കേൾക്കാം. ആ പലകകൾ മാറ്റിയിട്ടാണ് വല്യമ്മച്ചി പഴുത്ത വാഴക്കുലകളൊക്കെ എടുത്തുകൊണ്ടു വരുന്നത്. അതിൽ വിലപിടിപ്പുള്ള വാർപ്പും കുട്ടകങ്ങളും നിലവിളക്കുകളും ചെമ്പുപാത്രങ്ങളും ഓട്ടുപാത്രങ്ങളും ഒക്കെയുണ്ട്. ഇരുട്ടറയാണ്. അകംനിറയെ കൂരിരുട്ട്.

കൊച്ചമ്മ എന്നും ഇടക്കെട്ടിലാണ് പകലും രാത്രിയും വിശ്രമവും ഉറക്കവും. ഇടക്കെട്ടിനെ നിലവറക്കുഴി എന്നാണ് വല്യമ്മച്ചി പറയുക. പണ്ടൊക്കെ നെല്ലുകുത്തുന്നത് നിലവറക്കുഴിയിലോ മറ്റോ ആയിരുന്നത്രേ. ഇടക്കെട്ടിനും നാലുവാതിലുകളുണ്ട്. രണ്ടു ജനലുകളും. ഇടക്കെട്ടിലും ഒരലമാരയുണ്ട്.

കിഴക്കേമുറി തന്റെ അപ്പനും അമ്മയും തറവാട്ടിലായിരുന്നപ്പോൾ രാപാർത്ത മുറി. പകൽ ഒരു നേരം അമ്മയെ ഇരുത്തിയിട്ടില്ല. ഒത്തിരി കഷ്ടപ്പെടുത്തി.

ആ മുറിയിൽ ഒരു കട്ടിലുണ്ട്. കട്ടിലിനുമുകളിൽ മേക്കട്ടിക്കു പകരം വിരുന്നുകാർ വരുമ്പോൾ കിടക്കാനുള്ള മെത്തപ്പായ്കളും, തലയിണകളും അടുക്കിക്കെട്ടി തൂക്കിയിരിക്കുന്നു. കട്ടിലിനു കീഴെ ചെമ്പും വാർപ്പുമൊക്കെയുണ്ട്. ആ മുറിയാണ് ഊണുമുറി. വല്യപ്പച്ചനും വിരുന്നുകാരുമെല്ലാം അവിടെയിരുന്നാണ് ഭക്ഷണം കഴിക്കുന്നത്. മൂന്നു വാതിലുള്ള ആ മുറിയിൽനിന്ന് അടുക്കളയിലേക്കെത്താം.

വിശാലമായ അടുക്കള. അടുക്കളയിലും ഒരു അലമാരയുണ്ട്. ഭക്ഷണം കഴിക്കാനുള്ള പാത്രങ്ങൾ അടുക്കടുക്കായി അതിൽ സൂക്ഷിച്ചിരിക്കുന്നു. അച്ചാറുകളും വറ്റലുകളും വറുത്ത ഉപ്പേരിവർഗങ്ങളുമൊക്കെ അലമാരയെ കുബേരമാക്കിയിരിക്കുന്നു. പൊക്കിക്കെട്ടിയ അടുപ്പിൻപാതകത്തിനു കീഴെ ഉപയോഗിക്കാത്ത ചെമ്പ്, ഓട്ടുപാത്രങ്ങൾ, വലിയ ഭരണികളിൽ ഉപ്പിലിട്ടതുകൾ.

അടുക്കളയിൽ, കിഴക്കേഭിത്തിയോടുചേർന്ന് ലിസിയെക്കൊണ്ടും മറ്റും ആഴക്കിണറിൽ നിന്നു വലിപ്പിച്ചുവച്ചിരിക്കുന്ന വെള്ളംനിറച്ച കുട്ടകങ്ങളും പാത്രങ്ങളും നിരനിരയായി, വരിവരിയായി ഇരിക്കുന്നു. നല്ലതുപോലെ ഭക്ഷണം വെന്തു വേകുന്ന ഐശ്വര്യമുള്ള അടുപ്പിനും അടുപ്പിൻപാതകത്തിനു മുകളിലുമായി വലിയ ഒരു ചേര്. ചേരിൽ നിറയെ മണിയനെക്കൊണ്ട് കീറിച്ച് ഉണക്കിവച്ചിരിക്കുന്ന വിറകുകൾ. ചേരിൽനിന്ന് രണ്ടു മൂന്നു മുളംകൂട തൂക്കിയിട്ടിരിക്കുന്നു. അതിൽ ഉണക്കമീനുകളാണ്. ചന്തയിൽനിന്നു കൊണ്ടുവരുന്ന ഉണക്കമീൻ വൃത്തിയാക്കി കഴുകിയുണക്കി ഈ കൂടകളിൽ സൂക്ഷിക്കുന്നു. പാവപ്പെട്ട ബന്ധുക്കൾ വിരുന്നുവരുമ്പോഴും, വേലക്കാർക്കും ആ ഒപ്പം ലിസിക്കും മേഴ്സിക്കും മറ്റും ചുട്ടുകൂട്ടാൻ അതിലെ തുണ്ടങ്ങളല്ലാത്ത മീൻ നല്കാറുണ്ട്.

വീടിന്റെ കിഴക്കുഭാഗത്ത് ആട്ടിൻകൂട് സ്ഥിതിചെയ്യുന്നു. വീടിനോടു ചേർന്ന്, അവിടെ നിന്ന് മൂന്നുനിര കുത്തുകല്ലുകൾ കയറിച്ചെന്നാൽ കോഴിക്കൂട്. പൊക്കത്തിൽ ഉയർത്തിക്കെട്ടിയ ഏറെ കോഴികളുള്ള ആ കോഴിക്കൂട്ടിനു കീഴേ എത്ര പ്രാവശ്യം വല്യമ്മച്ചി ലിസിയെക്കൊണ്ട് ചാരമിടീപ്പിച്ചിട്ടുണ്ട്. പറമ്പിലെ കരീല കത്തിപ്പിച്ച് ചാരംവാരിച്ച് കോഴിക്കൂടിനു കീഴെയും ചാണകക്കുഴിയിലും ആട്ടിൻകൂടിനു കീഴെയും ഇടുവിക്കുന്ന വല്യമ്മച്ചീ... മരിച്ചുചെന്ന് വെറുതെയങ്ങ് വിശ്രമിക്കുകയാണോ ?

കോഴിക്കൂട് നില്ക്കുന്ന തൊടിയിൽനിന്ന് അടുക്കളമുറ്റത്തുനിന്നും കന്നുകാലിക്കൂട്ടിലേക്കുള്ള ഇറക്കം. വലിയ കന്നുകാലിക്കൂട്.

ശേഷം 14-ാം പേജിൽ

# കേരളത്തെ മുക്കിക്കൊല്ലാനോ?

*1-ാംപേജ് തുടർച്ച*

തങ്കശ്ശേരി ലൈറ്റ്ഹൗസിനു സമീപത്തുനിന്ന് കടലിൽ 27 മുതൽ 33 കിലോമീറ്റർ വരെയാണ് ആദ്യത്തെ ഖനനമേഖല. കടലിൽനിന്ന് മണൽ വാരുന്നതിനാണ് ടെൻഡർ ക്ഷണിച്ചിരിക്കുന്നതെങ്കിലും, ആണവധാതുക്കൾ ഒഴിച്ചുള്ള മറ്റു ധാതുക്കൾ നിശ്ചിതതുകയടച്ച് ശേഖരിക്കാൻ അനുവാദമുണ്ട്. കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കു മാത്രം അനുവാദമുണ്ടായിരുന്ന മേഖലയിലേക്ക് സ്വകാര്യകുത്തകകൾ കടന്നുകയറുകയാണ്. ലാഭംമാത്രം ലക്ഷ്യംവച്ച് കോടികൾ മുടക്കുന്നവർ കേരളത്തെ ഊറ്റിനശിപ്പിക്കുമെന്ന് ഉറപ്പാണ്. കേരളത്തിൽ കണ്ണൂർ, കോഴിക്കോട്, പൊന്നാനി, ചാവക്കാട്, കൊച്ചി, ആലപ്പുഴ, കൊല്ലം എന്നിവിടങ്ങളിലെ കടലിൽ മണൽ പർവതങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കൊല്ലംപരപ്പ് എന്നറിയപ്പെടുന്ന പ്രദേശത്താണ് ആദ്യഖനനം എന്നതുതന്നെ അപകടകരമായി. ഒന്നര മീറ്ററോളം കനത്തിൽ ചെളിയും മറ്റ് അവശിഷ്ടങ്ങളും അടിഞ്ഞുകിടക്കുന്ന ഈ പ്രദേശത്താണ് ഇന്ത്യയിലെ ഏറ്റവും വലിയ മത്സ്യസമ്പത്ത് കൂടികൊള്ളുന്നത്. 1961-65 കാലത്തെ ഇന്തോ നോർവീജിയൻ പദ്ധതിയുടെ ഭാഗമായി ഇതടക്കം ഏഴു മത്സ്യബന്ധനമേഖലകൾ കേരളത്തിൽ കണ്ടെത്തിയിരുന്നു. ഇവയെല്ലാം നശിച്ചൊടുങ്ങാൻ പോവുകയാണ്.




**ദുരൂഹമായ നിശ്ശബ്ദത!**

കേരളത്തെ തകർത്തുകളയാൻ പര്യാപ്തമാം വിധം വലിയൊരു ദുരന്തമായി കടൽമണൽഖനനം വാപിളർന്നു വന്നിട്ടും സംസ്ഥാനസർക്കാരിന്റെ മൗനം ദുരൂഹമായിത്തുടരുന്നു. മണൽവില്പനയ്ക്ക് ടെൻഡർ വിളിച്ചിട്ടും പലയിടത്തുനിന്നു പ്രതിഷേധങ്ങളുയർന്നിട്ടും എന്തേ സർക്കാർ അനങ്ങുന്നില്ല? നിയമഭേദഗതിയിലൂടെ സംസ്ഥാനത്തിന്റെ അധികാരപരിധിയിലുള്ള തീരക്കടലിൽ ഖനനം നടത്താനുള്ള അധികാരം കേന്ദ്രം കൈയടക്കിയപ്പോഴും സംസ്ഥാന സർക്കാർ നിശ്ശബ്ദത പാലിച്ചു. കടലിലെ ധാതുഖനന പ്രവർത്തനങ്ങളുടെ പ്രോത്സാഹനത്തിനും പരിസ്ഥിതിസംരക്ഷണപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്ന കേന്ദ്രസർക്കാരിന്റെ ഓഫ്ഷോർ ഏരിയാസ് മിനറൽസ് ട്രസ്റ്റിൽ കേരളത്തിനു പ്രാതിനിധ്യം ഇല്ലാത്തതിനും സംസ്ഥാനസർക്കാരിനു പരാതിയില്ല. ഖനനത്തിനു വഴിതുറന്ന ഓഫ്ഷോർ ഏരിയാസ് മിനറൽ നിയമത്തിലെ ഭേദഗതികളിൽ സംസ്ഥാന സർക്കാരിന്റെ നിർദേശം അറിയിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര ഖനിമന്ത്രാലയം 2023 ഫെബ്രുവരി 9 ന് അയച്ച കത്തിന് കേരളം മറുപടി നൽകിയത് അവസാനതീയതിയായ മാർച്ച് 11 ന്! അതിലെ നിർദേശങ്ങളൊന്നും കേന്ദ്രം സ്വീകരിക്കാതിരുന്നിട്ടും കേരളം പ്രതിഷേധിച്ചില്ല. പാർലമെന്റിൽ ഉന്നയിക്കാൻ കേരളത്തിലെ എംപിമാർക്കു നൽകിയ കുറിപ്പുകളിലും ഈ ഗുരുതരവിഷയം ഇതേവരെ പരാമർശിച്ചിട്ടില്ല. നിയമസഭ വിളിച്ചുകൂട്ടി പ്രമേയം പാസാക്കണമെന്ന ആവശ്യത്തോട് മുഖ്യമന്ത്രി മുഖം തിരിച്ചുനിൽക്കുന്നതും ദുരൂഹമാണ്. അതേസമയം, തമിഴ്നാട്ടിലെ മധുരയിൽ ടങ്സ്റ്റൺ ഖനന കേന്ദ്രം ആരംഭിക്കാനുള്ള നീക്കത്തിനെതിരേ തമിഴ്നാട് മന്ത്രിസഭ പ്രമേയം പാസാക്കുകയും ഖനനാനുമതി പിൻവലിച്ചുകൊണ്ട് കേന്ദ്രം വഴങ്ങുകയും ചെയ്തു. അവരുടെ പ്രതിഷേധം കണക്കിലെടുത്ത് കന്യാകുമാരി ഉൾപ്പെടുന്ന വെഡ്ജ് ബാങ്ക് എന്ന മത്സ്യസങ്കേതത്തെ കപ്പൽപാതയുടെ പരിധിയിൽനിന്ന് ഒഴിവാക്കിയപ്പോൾ ഏറ്റവും മത്സ്യസമ്പത്തുള്ള കൊല്ലംപരപ്പ് മത്സ്യസങ്കേതത്തിലൂടെയുള്ള കടൽപ്പാത നടപ്പിൽ വരികയും ചെയ്തു! പ്രതിഷേധിച്ചു എന്നതിലല്ല ആ പ്രതിഷേധം എത്രത്തോളം ആത്മാർഥമായിരുന്നു എന്നതിലാണ് ഫലമുണ്ടാവുക. ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ സർവേയിൽ പൊന്നാനിയിൽ 597, ചാവക്കാട് 202, ആലപ്പുഴ 242, കൊല്ലം 489 എന്നിങ്ങനെ ദശലക്ഷം ടൺ മണൽശേഖരമാണ് കണ്ടെത്തിയിരിക്കുന്നത്. കടൽ കുഴിച്ചു മണൽവാരി വില്പന നടത്തി പണമുണ്ടാക്കാനുള്ള ലക്ഷ്യം മാത്രമാണ് കേന്ദ്രസർക്കാരിനുള്ളത്. സംസ്ഥാന സർക്കാരിന്റെ അടഞ്ഞ കണ്ണുകൾ തുറക്കണം. അതിശക്തമായ പൊതുജനപ്രക്ഷോഭക്കൊടുങ്കാറ്റ് ആഞ്ഞടിക്കേണ്ടിയിരിക്കുന്നു. ഇല്ലെങ്കിൽ കേരളത്തെ ഒരിക്കൽക്കൂടി സൃഷ്ടിക്കാൻ പരശുരാമൻ വീണ്ടും കടലിലേക്കു മഴുവെറിയേണ്ടിവരും.

□

## സങ്കടങ്ങൾ തോരാനിട്ട കഴുമരങ്ങൾ

**അശോകൻ പുത്തൂർ**

വല്ലാതെ മുഷിഞ്ഞുപോയ ജീവിതം
കുത്തിത്തിരുമ്പി കുടഞ്ഞുവിരിച്ചു
കേറുമ്പോഴേക്കും നട്ടുച്ചയാവും
എല്ലാം വാരിയെടുത്ത്
ഉമ്മറത്തിട്ടു തട്ടിക്കുടഞ്ഞ്
ചുളിവുകൾ നിവർത്തി
അടുക്കിവയ്ക്കുമ്പോഴേക്കും
മൂവന്തിയാവും.
വസ്ത്രവും മനുഷ്യജന്മവും
ഒരുപോലെയാണ്.
അലക്കി വെളുപ്പിച്ചു
മടക്കിവയ്ക്കുമ്പോഴായിരിക്കും
പെട്ടെന്നു പിഞ്ഞിപ്പോവുക...
ചിലർ മരണംകൊണ്ട്
ജീവിതത്തെ തല്ലിവെളുപ്പിക്കുന്നു.
മറ്റു ചിലർ കാലത്തിന്റെ കറകളെ
ഓർമകളിൽ നനച്ചുവച്ച്
അല്പം സ്നേഹവും പ്രണയവും
ചേർത്ത്
ഉരച്ചുകഴുകി തോരാനിടുന്നു.
നിങ്ങളും ഇങ്ങനെ ചെയ്തുനോക്കൂ
ജീവിതം കഴുകാനിടുമ്പോൾ
അല്പം സ്നേഹവും പ്രണയവും
ചേർക്കൂ...
വെളുത്ത് പളപളാന്നങ്ങനെ
ഇസ്തിരിയിട്ടപോലിരിക്കും.
ജീവിതം അങ്ങനെയാണ്:
നനച്ചലമ്പി
പിഴിഞ്ഞെടുത്താൽമാത്രം പോരാ
ഇടയ്ക്കൊന്നു തല്ലിത്തിരുമ്പണം!!




*സാഹിത്യരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള ദീപനാളം സാഹിത്യഅവാർഡ് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് വിനായക് നിർമലിന് സമ്മാനിക്കുന്നു. ഫാ. മാത്യു തെന്നാട്ടിൽ, ഡോ. ജോർജ് ഓണക്കൂർ, ഫാ. കുര്യൻ തടത്തിൽ, ജോയി മുത്തോലി തുടങ്ങിയവർ സമീപം.*




*ഫാ. കുര്യൻ തടത്തിൽ രചിച്ച് ദീപനാളം പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച സാഹിത്യവിചാരം എന്ന ഗ്രന്ഥം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഡോ. ജോർജ് ഓണക്കൂറിനു നൽകി പ്രകാശനം ചെയ്യുന്നു. ഫാ. മാത്യു തെന്നാട്ടിൽ, വിനായക് നിർമൽ, ഗ്രന്ഥകർത്താവ് എന്നിവർ സമീപം.*



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

# നമ്മുടെ യുവജനങ്ങൾക്കെന്തുപറ്റി?

നേർമൊഴി

**അ**പകടമരണങ്ങൾ, ആത്മഹത്യകൾ, കൊലപാതകങ്ങൾ, കൂട്ടക്കൊലപാതകങ്ങൾ-ഇത്തരം നിർഭാഗ്യകരമായ സംഭവങ്ങൾ കേരളത്തിൽ വർധിച്ചു വരുന്നു. അതിൽ അവസാനത്തേത് വെഞ്ഞാറമ്മൂട്ടിൽ അരങ്ങേറിയ മൃഗീയകൊലപാതകങ്ങളാണ്. 23 വയസ്സുള്ള ഒരു യുവാവ് ആറു മണിക്കൂറിനുള്ളിൽ മൂന്നു വീടുകളിലായി അഞ്ചുപേരെ കൊലപ്പെടുത്തി. ആറാമത്തെയാളും മരിച്ചുവെന്നാണു കരുതിയത്. അതു സ്വന്തം അമ്മയായിരുന്നു. അമ്മൂമ്മയെയും അനുജനെയും ഇഷ്ടത്തിലായിരുന്നുവെന്നു പറയപ്പെടുന്ന പെൺകുട്ടിയെയും പിതൃസഹോദരനെയും അയാളുടെ ഭാര്യയെയുമാണ് അയാൾ ചുറ്റികകൊണ്ട് അടിച്ചു മൃഗീയമായി കൊലപ്പെടുത്തിയത്. ഇരുപതുമുതൽ ഇരുപത്തിയേഴു പ്രാവശ്യമാണ് ഓരോരുത്തരെയും ചുറ്റികകൊണ്ട് അടിച്ചത്. അതിനു ശേഷം കുളിച്ചു വസ്ത്രം മാറി യാതൊന്നും സംഭവിച്ചില്ലെന്ന സ്വാഭാവികതയോടെ പൊലീസ് സ്റ്റേഷനിലെത്തി കൊലപാതകവിവരം അറിയിക്കുകയായിരുന്നു. അവിശ്വസനീയമെന്നു തോന്നിയെങ്കിലും പൊലീസ് അന്വേഷിച്ചുചെന്നപ്പോൾ ഇയാൾ പറഞ്ഞതു ശരിയാണെന്നു ബോധ്യപ്പെട്ടു. ഇതിനിടയിൽ പൊലീസ്സ്റ്റേഷനിൽവച്ചുതന്നെ കൈയിൽ കരുതിയിരുന്ന എലിവിഷം കഴിക്കുകയും അതു പൊലീസിന്റെ ശ്രദ്ധയിൽപ്പെടുകയും പൊലീസ് അയാളെ ആശുപത്രിയിലെത്തിക്കുകയും ചെയ്തു. സിനിമയിലോ കഥയിലോപോലും കാണാനാവാത്ത അത്യപൂർവവും അസ്വാസ്ഥ്യജനകവുമായ കാര്യങ്ങളാണിവയൊക്കെയും.

വെഞ്ഞാറമ്മൂട്ടിലെ കൊലപാതകം ഒറ്റപ്പെട്ട സംഭവമാണെന്നു പറഞ്ഞ് സമാധാനിക്കാൻ ആരും തയ്യാറല്ല. ഇത് അവസാനത്തേതാണെന്ന ചിന്തയും ആർക്കുമില്ല. എന്തുകൊണ്ട് ഇത്തരം ക്രൂരതകൾ ഉണ്ടാകുന്നുവെന്നതിനെക്കുറിച്ചു കൃത്യമായി പറയാൻ പൊലീസുകാർക്കോ മനഃശാസ്ത്രവിദഗ്ധർക്കോ ആരോഗ്യപ്രവർത്തകർക്കോ പൊതുപ്രവർത്തകർക്കോ ആകുന്നില്ല. കാരണം വ്യക്തമാകാൻ കഴിയുന്ന രണ്ടുപേരിൽ ഒരാൾ ജീവനുവേണ്ടി പോരാടുന്ന പരിക്കേറ്റ അമ്മയും മറ്റേയാൾ പ്രതിയുമാണ്. പൊലീസ് അന്വേഷണത്തിൽ കാര്യങ്ങൾ വ്യക്തമാകുമെന്നു പ്രതീക്ഷിക്കാം.

ഇതെഴുതുമ്പോൾ അഭ്യൂഹങ്ങൾമാത്രമാണു ലഭിക്കുന്നത്. പിതാവിന്റെ സാമ്പത്തികബാധ്യത, പണം ചോദിച്ചിട്ടു നൽകാത്തതിന്റെ പ്രതികാരം, വിവാഹാഭ്യർഥനയുമായി ബന്ധപ്പെട്ട മോഹഭംഗങ്ങൾ, പ്രതിയുടെ മനോനിലയിലെ വ്യതിയാനങ്ങൾ, ലഹരിയുടെ ഉപയോഗം - ഇങ്ങനെ പല കാര്യങ്ങൾ കൊലപാതകത്തിനു കാരണമായി കരുതപ്പെടുന്നു. സാമ്പത്തികപ്രതിസന്ധിക്കു പരിഹാരം കൊലപാതകമല്ലെന്നിരിക്കേ, എന്തുകൊണ്ട് ഉറ്റവരെയും ഉടയവരെയും കൊലപ്പെടുത്തി? പതിനൊന്നു



വയസ്സിന്റെ വ്യത്യാസമുള്ള അനുജനെ കരുതലോടെ കാത്തിരുന്നവനാണ് പ്രതിയെന്നും പറയപ്പെടുന്നു. അതുകൊണ്ടും ഈ അരുംകൊലയുടെ യഥാർഥകാരണം ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു.

പ്രതി ഏതെങ്കിലുംതരത്തിലുള്ള ലഹരി ഉപയോഗിച്ചിട്ടുണ്ടാകാമെന്ന പ്രാഥമികസൂചനകൾ പൊലീസിന്റെ ഭാഗത്തുനിന്നു ലഭിക്കുന്നുണ്ട്. രക്തസാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ടെന്നാണു വിവരം. സിന്തെറ്റിക് ലഹരിപദാർഥങ്ങൾ മദ്യത്തെക്കാൾ അപകടകാരികളാണ്. മൂന്നുതരത്തിലാണ് അതു മനുഷ്യനിൽ പ്രവർത്തിക്കുക. ചിലരെ അത് അക്രമാസക്തരാക്കും. ചിലരെ വിഷാദത്തിലേക്കു തള്ളിയിടും. ചിലരെ സ്വപ്നലോകത്തിലേക്കു നയിക്കും. ഇതിൽ ഏതവസ്ഥയിലേക്കു കടന്നാലും അവർക്കു യാഥാർഥ്യബോധം നഷ്ടപ്പെടും. സ്വന്തവും ബന്ധവും തിരിച്ചറിയാനാവില്ല. ഇല്ലാത്ത ധൈര്യം ലഭിക്കും. ഭയം അപ്രത്യക്ഷമാകും. ചെയ്യുന്നതിന്റെ ശരിതെറ്റുകളെക്കുറിച്ചുള്ള വിവേചനം നഷ്ടപ്പെടും. വരുംവരായ്കകളെക്കുറിച്ചു ചിന്തയില്ലാതെ എന്തും പ്രവർത്തിക്കും.

ലഹരിയുടെ അടിമയാകാൻ അധികസമയം വേണ്ട. പെട്ടെന്ന് ആസക്തി സൃഷ്ടിക്കാൻ കഴിയുന്ന മയക്കുമരുന്നുപദാർഥങ്ങൾ ഇന്നു വിപണിയിലുണ്ട്. ആസക്തിയുള്ളവരെ പിന്തിരിപ്പിക്കാൻ ആർക്കും എളുപ്പമല്ല. വാങ്ങാൻ പണമില്ലെങ്കിൽ മോഷ്ടിക്കും. ചോദിച്ചിട്ടു കിട്ടുന്നില്ലെങ്കിൽ ഉപദ്രവിക്കും. പണമില്ലാത്തവരെ വിപണനക്കാരാക്കി മാറ്റാനുള്ള തന്ത്രങ്ങളാണ് ലഹരിമാഫിയ പ്രയോഗിക്കുന്നത്. ചുരുക്കത്തിൽ, ഇന്നു കേരളത്തിൽ സംഭവിക്കുന്ന ഞെട്ടിപ്പിക്കുന്ന കൊലപാതകങ്ങളും ആത്മഹത്യകളും അപകടമരണങ്ങളും ലഹരിയുമായി ബന്ധപ്പെട്ടവയത്രേ.

എന്താണ് ഇതിനൊരു പരിഹാരം? ആദ്യത്തെ ഉത്തരം ബോധവത്കരണമെന്നാണ്. എത്രയോ കാലമായി ബോധവത്കരിച്ചുകൊണ്ടിരിക്കുന്നു! പ്രശ്നം ഗുരുതരമാകുന്നതല്ലാതെ കുറയുന്നുണ്ടോ? ഉപദേശിച്ചാൽ ആരെങ്കിലും നന്നാകുമോ? നല്ല പരിഹാരം ജാഗ്രതയാണെന്നു തോന്നുന്നു. വീട്ടിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലും പൊതുവിടങ്ങളിലും മാതാപിതാക്കളും പൊലീസും സ്ഥാപനാധികാരികളും സമുദായനേതാക്കന്മാരും രാഷ്ട്രീയപ്രവർത്തകരും ജാഗ്രതയോടെ വർത്തിക്കണം. ആർക്കും തനിച്ച് ഈ വിപത്തിനെ നേരിടാനാവില്ല. എന്നാൽ, എല്ലാവർക്കുമൊന്നിച്ച് നേരിടാനാവാത്ത ഒരു ശത്രുവുമില്ല. ലഹരിയെന്ന ശത്രുവിന്റെ പാളയത്തിൽ ചെന്ന് യുദ്ധം ചെയ്യാൻ കേരളീയർ കൈകോർക്കണം. ■

# കാറ്റിന്റെ മർമരങ്ങൾ

*11-ാംപേജ് തുടർച്ച*

അതിന്റെ തട്ടിൻപുറത്ത് വിറകുശേഖരങ്ങൾ. രണ്ടുതുറു ഉണ്ടെങ്കിലും ആ തട്ടിൻപുറത്തും ഏതാനും ദിവസത്തേക്കു വീതമുള്ള കച്ചി ശേഖരിച്ചിട്ടുണ്ട്.

പുൽത്തൊട്ടിയിൽ ഒരു ചെറിയ കളത്തിലായി ഉണക്കമണ്ണിൽ മൂടയ്ക്കിട്ടുവച്ചിരിക്കുന്ന ചക്കക്കുരു ശേഖരം. കന്നുകാലിക്കൂട്ടിനപ്പുറം ഭംഗിയിൽ കരിങ്കല്ലിട്ടുകെട്ടിയ ചാണകക്കുഴി. ഗോമൂത്രം പോകാൻ സിമന്റിൽ നിർമിച്ച ചാലുകൾ. ഗോമൂത്രം ഒഴുകിയൊഴുകി ലിസിയുടെ വീടിനു പിന്നിലൂടെ ഒഴുകും. കെട്ട നാറ്റമാണ് ലിസിക്കും വീട്ടുകാർക്കും. മഴക്കാലത്ത് കൈത്തോട്ടിൽ വെള്ളം നിറയുമ്പോൾ നാറ്റമില്ല. അല്ലാത്തപ്പോൾ കൊതുകും നാറ്റവും സഹിക്കാനാവാതെ ലിസിയുടെ വീട്ടുകാർ വിഷമിയ്ക്കും.

അടുക്കളമുറ്റത്തുനിന്ന് കിണറ്റിൻപാതകത്തിലേക്ക് കരിങ്കല്ലുകീറിക്കെട്ടിയ സ്റ്റെപ്പുകൾ കുറെയുണ്ട്. കിണറ്റിനു ചുറ്റുവട്ടം ഒരു നടപ്പാതയായി മനോഹരമായി കെട്ടിപ്പൊക്കിയിരിക്കുന്നു. കിണറ്റിലെ കൈയെത്തുന്നിടത്തെ പുല്ലു പറിക്കൽ തങ്ങളുടെ ഒരു തൊഴിൽകൂടിയാണ്. പാദകത്തിൽ നിന്നു താഴോട്ടും നടകളുണ്ട്.

നടവാതിൽമുറ്റത്തുനിന്ന് താഴോട്ട് അതിവിശാലമായ സ്റ്റെപ്പുകൾ. പിന്നെ തങ്ങൾ ഇരുന്നു പത്രം വായിക്കുകയും വല്യമ്മച്ചിയെ ഒളിച്ച് കല്ലുകൊത്തുകയും ചെയ്യുന്ന കളിസ്ഥലം, അവിടെനിന്ന് താഴേക്കു വീണ്ടും വിശാലമായ നടകൾ. രണ്ടുവശത്തെയും നടകൾ ചേരുന്നിടത്തുനിന്ന് വിശാലമായ പാതകെ.കെ. റോഡ് എത്തുന്നിടംവരെ. കൂറ്റൻ മതിലുകളുള്ള ഗേറ്റ്, ഒരിക്കലും അടയ്ക്കാത്ത തുറന്ന ഗേറ്റ്. പാതയ്ക്കിരുവശവും മനോഹരമായ ഇലച്ചെടികൾ. ഇടയ്ക്ക് നിറയെ കായ്ക്കുന്ന ചാമ്പമരങ്ങൾ.

ഏക്കറുകണക്കു സ്ഥലമുണ്ടെങ്കിലും തങ്ങൾക്ക് വെറും ഒരു തുണ്ടുഭൂമിയും അത്യാവശ്യം ജീവിച്ചുപോകാവുന്ന ഒരു വീടുമാണ് നല്കിയത്. ആ പതിന്നാലുസെന്റിലെപോലും ആദായം കൊച്ചുപ്പാപ്പൻ പണിക്കാരെവിട്ട് അങ്ങോട്ട് എടുപ്പിക്കും. വാഴക്കുല, തേങ്ങ, കുരുമുളക് ഒക്കെ അങ്ങനെ എടുക്കും. നില്ക്കക്കള്ളിയില്ലാതെ അപ്പൻ വല്യമ്മച്ചിയുടെ മുമ്പിൽ നെഞ്ചത്തലച്ചും തലതല്ലിയും കരഞ്ഞു. അങ്ങനെ ആ കൊച്ചുതുണ്ടിലെ വരുമാനം കിട്ടിത്തുടങ്ങി. എന്നാൽ, തിന്നാറായ ഏഴു പിള്ളേർക്കും അപ്പനും അമ്മയ്ക്കും ഒന്നു പറിച്ചുതിന്നാൻ ഒരു ചക്കയോ മാങ്ങയോ മറ്റു കായ്കനികളോ ആ തുണ്ടുഭൂമിയിൽതീരെയില്ല.

തറവാട്ടുപറമ്പിൽ പത്തിരുപത് കായ്ക്കുന്ന പ്ലാവുകളുണ്ട്. ഇഷ്ടം പോലെ മാവുകളും മറ്റു ഫലവൃക്ഷങ്ങളും. എന്നാൽ, ഒരു ചക്കയിട്ടെടുക്കാൻപോലും സമ്മതിച്ചില്ല. നാട്ടുകാർക്ക് യഥേഷ്ടം വന്നുകൊണ്ടു പോകാം. എന്നാൽ, സ്വന്തം മകന് സ്വാതന്ത്ര്യവും അനുവാദവുമില്ല.

(തുടരും)

## എഴുതിത്തള്ളേണ്ടത്

നുറുങ്ങുകഥ
ഉണ്ണി വാരിയത്ത്

തന്റെ ഇന്നലത്തെ പെരുമയിൽ അവൻ അഭിരമിച്ചുകൊണ്ടിരുന്നു. ഇന്നലെയെക്കാൾ മെച്ചമാക്കണം ഇന്നിനെ എന്ന് അവനു തോന്നിയതേയില്ല.

ഇന്നത്തെ പത്രമല്ലാതെ ഇന്നലത്തെ പത്രം ആരെങ്കിലും വായിക്കുമോ? ഇന്നലത്തെ പത്രം തൂക്കിവിൽക്കാനല്ലേ കൊള്ളൂ? ഇന്നിനെ കൂടുതൽ മെച്ചമാക്കണം എന്നു തോന്നാത്തവൻ നാളെയെ ഏറ്റവും മികച്ചതാക്കണമെന്ന് ചിന്തിക്കുകയേയില്ലല്ലോ. ചുരുക്കത്തിൽ, അവനെ എഴുതിത്തള്ളാനേ കൊള്ളൂ എന്നർഥം.

കുഞ്ഞിക്കവിത
കാഞ്ചിയാർ മോഹനൻ



## പെറ്റമ്മ

അന്ധനായാലും ചെകിടനായാലും
ബുദ്ധിയിൽ മന്ദതയെത്രയുണ്ടാകിലും
അമ്മയ്ക്കിതൊന്നും അറിയില്ല തൻ കുഞ്ഞ്
പൊൻകുഞ്ഞുതന്നെയാണെന്നുമെന്നും.

എത്ര പകുത്താലുമാസ്നേഹമെപ്പൊഴും
ഒപ്പമായ് മക്കൾതൻ കൂടെയുണ്ടായിടും.
എത്ര പകർന്നാലുമാത്തിരിനാളങ്ങൾ
ഒറ്റത്തിരിയായിട്ടൊപ്പമുണ്ടായിടും.

Deepanalam Weekly

RNI No : 16998/68
Vol. 58 No. 1 Date of Publication 27 February 2025
Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org